കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് (2016-17)


ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail: doksd.ksad@kerala.gov.in


(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം:കെ.എസ്.എ./കെ.എസ്.ഡി-5/1001/2017.


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.

ഇ-മെയിൽ : doksd.ksad@kerala.gov.in

ഫോൺ : 04994256690.

തീയതി : 18/09/2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

മംഗൽപ്പാടി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മംഗൽപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖാന്തിരം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എസ്.ഡി.5/1001/2017 തീയതി: 18.09.2017.

# കാസറഗോഡ് ജില്ലയിലെ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക

ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29.12.2016 മുതൽ 31.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവും അവയുടെ ഒടുക്കം, വിവിധ അക്കൗണ്ടുകളിൽ നിന്നും വരെ നടത്തിയ പണം പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.രാജാരാമ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.08.2017 മുതൽ 18.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പി.ഗോപാലകൃഷ്ണ നായ്ക്, ഓഡിറ്റ് ഓഫീസർ |
| | വിനോദ് കുമാർ.വി, അസി. ഓഡിറ്റ് ഓഫീസർ |
| | യാദവകുമാര.സി.എച്ച്, അസി. ഓഡിറ്റ് ഓഫീസർ |
| | രഘുനാഥൻ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സുധീഷ്.എൻ.കെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഷാഹുൽ ഹമീദ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ടി.പവിത്രൻ | 01.04.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗം | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ആനന്ദ.കെ | 01.04.2016മുതൽ31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. തിമ്മ കുടിയ.ഒ. | 01.04.2016 മുതൽ 27.07.2016 വരെ |
| | ശ്രീ.ജോബി | 28.07.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ (ഇച്ചിലങ്കോട് സർക്കിൾ) | ശ്രീ.രമേശൻ.എം | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ(ഉപ്പളസർക്കിൾ) | ശ്രീ.പ്രദീപ് കുമാർ.വൈ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസ്ര, ആയുർവേദം | ഡോ.സീമ.വൈ | 01.04.2016 മുതൽ 27.04.2016 വരെ |
| | ഡോ.ആരതി.എസ്.എസ്. | 28.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസ്ര, ഹോമിയോ | ഡോ.ആശ മേരി.സി.എസ് | 01.04.2016 മുത്ല 31.03.2017 വരെ |
| മെഡിക്കൽ ഓഫീസ്ര, അലോപ്പതി | ഡോ.രാജേഷ്.എസ്.ആർ | 01.04.2016 മുത്ല 27.02.2017 വരെ |
| | ഡോ.നായർ സൗമ്യ ഗോപിനാഥൻ | 28.02.2017 മുത്ല 31.03.2017 വരെ |
| വെറ്റിനറി സ്രുജൻ | ഡോ.ചന്ദ്ര ബാബു.ഇ. | 01.04.2016 മുതൽ 20.09.2016 വരെ |
| | ഡോ.വീണ സി. ഫിലിപ്പ് | 30.09.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി കാർത്യായനി.എ. | 01.04.2016 മുത്ല 05.03.2017 വരെ |
| | ശ്രീമതി അംബിക.ടി.പി. | 06.03.2017മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 - ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| ഭാഗം 2 - വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 1 | മംഗൽപാടി ഗ്രാമപഞ്ചായത്ത് -2016-17 വർഷത്തെ ഓഡിറ്റ്- ബിൽഡിംഗ് പെർമിറ്റ് - ക്രമവൽക്കരണഫീസ് ഈടാക്കിയതിൽ കുറവ്. | 2-1 | |
| 2 | ടെലികോം കമ്പനിക്ക് കേബിൾ കുഴിയെടുക്കുന്നതിന് പെർമിറ്റ് നൽകിയത് - തുക ഈടാക്കിയതിൽ കുറവ് | 2-2 | |
| 3 | രശീതി പിരിവ് - അപാകതകൾ | 2-3 | |
| 4 | ഡി.&ഒ. ലൈസൻസ് - അപാകതകൾ | 2-4 | |
| 5 | തൊഴിൽ നികുതി -അപാകതകൾ | 2-5 | |
| 6 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടക / ലേല വരവ് - അപാകതകൾ | 2-6 | |
| ഭാഗം-3 ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 1 | ഫണ്ട് വിനിയോഗം- പദ്ധതികളുടെ നിർവഹണത്തിലെ വീഴ്ച-പദ്ധതിപ്പണം നഷ്ടപ്പെടുന്നു-2016-17 ൽ ലാപ്സായത് 2.56 കോടി രൂപ | 3-1 | |
| 2 | ആശ്രയ പദ്ധതി - 17 ലക്ഷം രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. | 3-2 | |
| 3 | VG 30 ഗ്രേഡിലുള്ള ടാർ ഉപയോഗിച്ച് നടത്തിയ പ്രവൃത്തിക്ക് VG 10 ഗ്രേഡിലുള്ള ടാറിന്റെ വില അനുവദിച്ചതിനാൽ നഷ്ടം | 3-3 | |
| 4 | ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ- 7.5% ഓവർഹെഡ് ചാർജ് അനുവദിച്ചിട്ടും നികുതികൾ പഞ്ചായത്ത് വഹിച്ചു- നഷ്ടം | 3-4 | |
| 5 | വനിതകൾക്ക് മുട്ടക്കോഴി വിതരണം- പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ വികസന ഫണ്ടിൽ നിന്ന് മുഴുവൻ ചെലവും വഹിച്ചു | 3-5 | |

| | | | |
|---|---|---|---|
| | | | |
| 6 | ഭവനനിർമ്മാണം പ്രവൃത്തിപൂർത്തീകരിച്ചിട്ടില്ല | 3-6 | |
| 7 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. | 3-7 | |
| 8 | മരുന്നുകൾ ആരോഗ്യ കേന്ദ്രത്തിന് വാങ്ങിയിട്ടില്ല - 1,56,600/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-8 | |
| 9 | ആയുർവേദ, ഹോമിയോ മരുന്നുകൾ വാങ്ങൽ- മരുന്നുകൾ ലഭിക്കാൻ ബാക്കി | 3-9 | |
| 10 | കാർഷിക മേഖല ഉല്പാദന വർദ്ധനവ് ലക്ഷ്യം വച്ചുള്ള പദ്ധതികൾ മോണിറ്ററിംഗ് കാര്യക്ഷമമല്ല. | 3-10 | |
| 11 | ലോമാസ്റ്റ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതിന് തുക അധികം നൽകിയത് നിരാകരിക്കുന്നു. | 3-11 | |
| 12 | ഗവ-ഹിന്ദുസ്ഥാനി യു.പി.സ്കൂൾ കുറിച്ചിപ്പുള്ള ഉപ്പള -സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചതിൽ അപാകതകൾ | 3-12 | |
| ഭാഗം 4- ഓഡിറ്റ് പ്രത്യവലോകനം | | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 | |


അനുബന്ധം

1. ഓഡിറ്റ് സാക്ഷ്യപത്രം
2. റസീറ്റ് & പേമെന്റ് അക്കൗണ്ട്
3. ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട്

4. ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 05.03.2016 തിയതിയിലെ നം 24/2016 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും ധനകാര്യ പത്രിക അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 03.06.2017 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഓഡിറ്റിന്റെ ഭാഗമായി 09.08.2017 ന് പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിന്മേലുള്ള സാക്ഷ്യ പത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം 3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം അയച്ചു തന്നിട്ടുള്ള ട്രയൽ ബാലൻസ് പൂർണമായും തെറ്റാണ്. മിക്കവാറും എല്ലാ ഹെഡിലും നീക്കിയിരിപ്പ് തുകയുടെ കോളത്തിൽ ഡെബിറ്റിലും ക്രഡിറ്റിലും തുകകൾ ചേർത്തതായി കാണുന്നു. ട്രയൽ ബാലൻസ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശം തന്നെ സാധിക്കാത്ത വിധത്തിലാണ് ട്രയൽ ബാലൻസ് തയ്യാറാക്കിയിട്ടുള്ളത്.

2) സംയോജിത ശിശു വികസന പദ്ധതിക്കായി ലഭിച്ച കേന്ദ്ര ധനസഹായം 320100121-centrally sponsored schemes-ICDS എന്ന ഹെഡിലും 320100199-centrally sponsored Schemes-Grant, funds, and contributions for specific purposes എന്ന ഹെഡിലും കൈകാര്യം ചെയ്തു കാണുന്നു. സംയോജിത ശിശു വികസന പദ്ധതിക്കായി ലഭിച്ച കേന്ദ്ര ധനസഹായത്തിലെ നീക്കിയിരിപ്പ് 31.03.2017 ലെ ബാലൻസ് ഷീറ്റിൽ മേൽ 2 ഹെഡുകളിൽ കാണുന്നു.

3) 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 312500101-general reserves എന്ന ഹെഡിൽ 5,54,666 രൂപ നീക്കിയിരിപ്പ് കാണുന്നു. ഈ റിസർവ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) 31.03.2017 ലെ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-7 ൽ വിവിധ ഹെഡുകളിലായി 9,11,357 രൂപ deposits received എന്ന ഇനത്തിൽ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. ഈ നീക്കിയിരിപ്പ് തുകകളുടെ വിശദ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. ആരിൽ നിന്ന്, എന്ന്, എന്ത് ആവശ്യത്തിന് ലഭിച്ച തുകകളാണ് നീക്കിയിരിപ്പ് ഉള്ളതെന്ന വിവരങ്ങൾ പഞ്ചായത്തിൽ ഇല്ല. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുമില്ല.

5) 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 350109901-other creditors control Account എന്ന ഹെഡിൽ 20,63,494 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. ഇതിൽ 12,73,148 രൂപ ടാർ വാങ്ങുന്നതിനായി മുൻകൂർ നല്കിയ തുകയാണ്. ഇത് ബാദ്ധ്യതയായി നില നിർത്തിയ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. ഇതേ ഹെഡിൽ 7,90,346 രൂപ 01.04.2016 ന് മുന്നിരിപ്പ് തുകയുണ്ട്. ഇതിന്റെ വിശദാംശങ്ങളും ലഭ്യമല്ല.

6) 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 350110104-other employee liabilities payable എന്ന ഹെഡിൽ 16,16,580 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണിച്ചിട്ടുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7) 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 350410101-Advance collection-property tax എന്ന ഹെഡിൽ 66,198 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. ഈ തുക 01.04.2016 നു മുന്നിരിപ്പ് തുകയാണ്. 2016-17 ൽ ഈ തുക അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

8) 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 350410102-Advance collection-profession tax-institutions, traders എന്ന ഹെഡിൽ 1,48,480 രൂപയും 35041301-Advance collection-D.&O. licence fees എന്ന ഹെഡിൽ 37,200 രൂപയും നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. 23.02.2017, 25.02.2017 എന്നീ തിയതികളിൽ നടത്തിയ ക്യാമ്പുകളിലെ കളക്ഷൻ തുകയാണ് ഈ ഹെഡുകളിൽ ചേർത്തു കാണുന്നത്. എന്നാൽ ഈ ക്യാമ്പുകളിൽ ഉപയോഗിച്ച രശീതി പുസ്തകങ്ങൾ പരിശോധിച്ചതിൽ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള അഡ്വാൻസ് തുകകൾ കൃത്യമല്ല എന്ന കാണുന്നു. ഈ രശീത് പുസ്തകങ്ങൾ പരിശോധിച്ച് തൊഴിൽ നികുതി, ഡി.&ഒ. ലൈസൻസ് ഫീസ് എന്നിവയിലെ അഡ്വാൻസ് കളക്ഷൻ കൂട്ടിയെടുത്ത് ധനകാര്യ പത്രികയിൽ കാണിച്ചിട്ടുള്ള അഡ്വാൻസ് തുകകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

9) 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 350410401-Advance collection-rent എന്ന ഹെഡിൽ 30,096 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. ഇതിന്റെ വിവരങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നില്ല.

10) പഞ്ചായത്തിന്റെ തനതു വരുമാന ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

എ) വസ്തു നികുതി-

1. വാർഷിക ധനകാര്യ പത്രിക പ്രകാരം 96,51,988 രൂപയാണ് തൻവർഷ വരുമാനം. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തൻവർഷ ഡിമാന്റ് 96,42,418 രൂപയാണ്.

2. വാർഷിക ധനകാര്യ പത്രിക പ്രകാരം 45,37,970 രൂപയാണ് തൻവർഷ പിരിവ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തൻവർഷ പിരിവ് 30,17,727 രൂപയാണ്.

3. വാർഷിക ധനകാര്യ പത്രിക പ്രകാരം 51,14,018 രൂപയാണ് തൻവർഷ കുടിശ്ശിക. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തൻവർഷ കുടിശ്ശിക 63,64,361 രൂപയാണ്.

4. വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി കുടിശ്ശിക മുന്നിരിപ്പ് 50,24,740 രൂപയിൽ 27,14,342 രൂപ പിരിച്ചെടുത്തതായും 23,10,398 രൂപ നീക്കിയിരിപ്പുള്ളതായും കാണുന്നു. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കുടിശ്ശിക മുന്നിരിപ്പ് 1,23,23,101 രൂപയും പിരിവ് 17,44,736 രൂപയും അഡ്ജസ്റ്റ്മെന്റുകൾക്ക് ശേഷമുള്ള നീക്കിയിരിപ്പ് 1,09,26,076 രൂപയുമാണ്.

ബി)- വ്യാപാരികളിൽ നിന്നുള്ള തൊഴിൽ നികുതി-

ധനകാര്യ പത്രിക പ്രകാരം വരുമാനം രേഖപ്പെടുത്തിയിരിക്കുന്നത് 7,38,730 രൂപയാണ്. അത്രയും തുക തന്നെയാണ് പിരിവ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. വർഷാന്ത്യ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. .

സി) ഉദ്യോഗസ്ഥരിൽ നിന്നുള്ള തൊഴിൽ നികുതി-

ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി ഡിമാന്റും പിരിവും 17,96,012 രൂപയാണ്. എന്നാൽ തൊഴിൽ നികുതിയുടെ ഡിമാന്റ് രജിസ്ററർ എഴുതി പൂർത്തിയാക്കിയിട്ടില്ല. വർഷാന്ത്യ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡി) ഡി. & ഒ. ലൈസൻസ് ഫീസ്-

ധനകാര്യ പത്രികയിൽ ഡിമാന്റ് 1,58,420 രൂപയും പിരിവ് 1,27,990 രൂപയുമാണ്. പക്ഷേ ബാലൻസ് ഷീറ്റ് പ്രകാരം കറന്റ് കുടിശ്ശിക കാണുന്നില്ല.ഡി.&ഒ. ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. വർഷാന്ത്യ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇ) വാടക രജിസ്റ്റർ പ്രകാരം തൻവർഷം 24,23,792 രൂപയുടെ ഡിമാന്റും 6,79,113 രൂപ കുടിശ്ശിക ഡിമാന്റും ഉണ്ട്. ഇതിൽ രണ്ടിലും കൂടി 29,14,325 രൂപ പിരിവും ഉണ്ട്. വാടക രജിസ്റ്റർ പ്രകാരം 31.03.2017 ൽ ആകെ 1,88,580 രൂപയാണ് കുടിശ്ശികയുള്ളത്. എന്നാൽ ധനകാര്യ പത്രിക പ്രകാരം വാടകയിനത്തിൽ തൻവർഷ വരുമാനം 24,81,603 രൂപയാണ്. കുടിശ്ശിക ഡിമാന്റ് 8,96,634 രൂപയാണ്. ഇതിൽ 21,73,817 രൂപ തൻവർഷ പിരിവും 7,30,927 രൂപ കുടിശ്ശിക പിരിവുമുണ്ട്. ബാലൻസ് ഷീറ്റിൽ 3,07,786 രൂപ തൻവർഷ നീക്കിയിരിപ്പും 1,65,707 രൂപ കുടിശ്ശിക നീക്കിയിരിപ്പും കാണേണ്ടതായിരുന്നു. എന്നാൽ ബാലൻസ് ഷീറ്റിലെ തൻവർഷ നീക്കിയിരിപ്പ് 3,09,342 രൂപയും കുടിശ്ശിക നീക്കിയിരിപ്പ് 1,64,151 രൂപയുമാണ് ചേർത്തു കാണുന്നത്. വാടക രജിസ്റ്ററുമായി ഈ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. ബാലൻസ് ഷീറ്റിലെ തുകകളിൽ അപാകതകളും ഉണ്ട്. .

എഫ്) മാർക്കറ്റ് വരവ്-

ഈയിനത്തിലെ വരുമാനം 65,000 രൂപയാണ്. ഇതിൽ 11,250 രൂപ അഡ്വാൻസ് ആയി 2015-16 ൽ അടച്ചിട്ടുണ്ട്. 2016-17 ൽ ബാക്കി 53,750 രൂപയും അടച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് തുക വരവായി അഡ്ജസ്റ്റ് ചെയ്യാത്തതിനാൽ 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 11,250 രൂപ കിട്ടാനുള്ള തുകയായി കാണുന്നു.

ജി) ബസ് സ്റ്റാന്റ് വരവ്-

ഈയിനത്തിലെ വരുമാനം 80,500 രൂപയാണ്. ഇതിൽ 20,125 രൂപ അഡ്വാൻസ് ആയി 2015-16 ൽ അടച്ചിട്ടുണ്ട്. 2016-17 ൽ ബാക്കി 60,375 രൂപയും അടച്ചിട്ടുണ്ട്. 31.03.2017 ന് ഈയിനത്തിൽ കുടിശ്ശികയില്ല. എന്നാൽ 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 17,540 രൂപ കിട്ടാനുള്ള തുകയായി കാണുന്നു.

ബസ് സ്റ്റാന്റ് വരവ് കുടിശ്ശിക എന്ന ഇനത്തിൽ 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 25,335 രൂപ കിട്ടാനുള്ള തുകയായി കാണിച്ചിട്ടുണ്ട്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഇങ്ങനെയൊരു കുടിശ്ശിക നിലവിലില്ല.

11) 31.03.2017 ലെ ബാലൻസ് ഷീറ്റിൽ 460500501-Advance to implimenting officers- എന്ന ഹെഡിൽ 72,431 രൂപ നീക്കിയിരിപ്പ് ബാദ്ധ്യത കാണുന്നു. ക്ഷീര കർഷകർക്ക് പാലിനുള്ള സബ്സിഡി എന്ന ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ടുന്ന തുകയായാണ് ഇത് കാണിച്ചിട്ടുള്ളത്. ഈ പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയത് 20,000 രൂപ മാത്രമാണ്. ഈ തുക ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുമുണ്ട്. പഞ്ചായത്തിന്റെ പ്രോജക്ടിൽ 92,431 രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി തെറ്റായി വകയിരുത്തിയതിനാലാണ് ഇങ്ങനെ സംഭവിച്ചത്. ആയതിനാൽ ഈ തുക കിട്ടാനുള്ള തുകയായി നില നിർത്തേണ്ടതില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,52,85,123 |
| വരവ് | 12,14,12,342 |
| ആകെ | 17,66,97,465 |
| ചെലവ് | 11,84,76,923 |
| നീക്കിയിരിപ്പ് | 5,82,20,542 |

മേൽ വരവ് ചെലവുകളിൽ തൊഴിലുറപ്പ് പദ്ധതിയിലെ ഇ.എഫ്.എം.എസ് തുകയായ 42,79,078 രൂപയും പെൻഷൻ ഡി.ബി.ടി തുകയായ 4,86,27,330 രൂപയും ഉൾപ്പെടുന്നു.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 1,11,37,648 | 1,11,37,648 | 1,11,37,648 | |
| വികസനഫണ്ട് എസ്.സി.പി. | - | 11,64,000 | 11,64,000 | 11,64,000 | |
| വികസനഫണ്ട് ടി.എസ്.പി. | - | 50,000 | 50,000 | 50,000 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 74,58,618 | 74,58,618 | 74,58,618 | |

| | | | | | |
|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | - | 42,62,082 | 42,62,082 | 42,62,082 | |
| മെയിന്റനൻസ് ഫണ്ട് റോഡ് | - | 29,59,902 | 29,59,902 | 29,59,902 | |
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | - | 24,97,545 | 24,97,545 | 24,97,545 | |
| തൊഴിലുറപ്പ് പദ്ധതി | 1,575 | 46,94,701 | 46,96,276 | 46,95,826 | 450 |
| ബി. ഫണ്ട് | - | 5,03,79,630 | 5,03,79,630 | 5,03,79,630 | |

തൊഴിലുറപ്പ് പദ്ധതിയിലെ ഇ.എഫ്.എം.എസ്. തുക- 42,79,078 രൂപ

പെൻഷൻ ഡി.ബി.ടി. തുക- 4,86,27,330 രൂപ

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 266 | 13,97,02,517 | 117 | 4,00,50,989 | 21 | 149 | 36.09 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവു ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 5 | 24,52,340 | 5 | 21,78,907 | 89% |
| 2 | വെറ്റിനറി സർജൻ | 5 | 12,32,000 | 5 | 7,24,273 | 59% |
| 3 | മെഡിക്കൽ ഓഫീസർ, പി. എച്ച്. സി. | 4 | 8,55,000 | 4 | 7,77,990 | 91% |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 2,00,000 | 1 | 2,00,000 | 100% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 1,31,13,000 | 10 | 64,60,300 | 49% |
| 6 | ഐ സി ഡി എസ് സൂപ്പർവൈസർ | 6 | 1,04,54,250 | 6 | 45,02,509 | 43% |
| 7 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 28 | 4,21,47,300 | 12 | 95,63,633 | 23% |

| | | | | | | |
|---|---|---|---|---|---|---|
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 181 | 6,45,73,720 | 61 | 1,31,50,470 | 20% |
| 9 | ഹെഡ് മാസ്റ്റർ | 2 | 90,500 | 0 | 0 | 0 |
| 10 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 3,00,000 | 2 | 3,00,000 | 100% |
| 11 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 2,88,000 | 0 | 0 | 0 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 18 | 39,96,407 | 11 | 21,92,907 | 55% |
| | ആകെ | 266 | 8,29,11,389 | 117 | 3,61,42,459 | 43.59% |

## 1-7 തനത് വരുമാനം

മുൻവർഷത്തെ അപേക്ഷിച്ച് സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 85,31,272 | 97,88,254 | (+)12,56,982 |
| നികുതിയേതര വരവുകൾ | 46,18,131 | 65,73,516 | (+)19,55,385 |
| മറ്റുവരവുകൾ | 8,21,986 | 7,18,487 | (-)1,03,499 |
| ആകെ | 1,39,71,389 | 1,70,80,257 | (+)31,08,868 |

ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വസ്തു നികുതി (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 59,84,632 | 72,52,312 | (+)12,67,680 | |
| തൊഴിൽ നികുതി (വ്യാപാരികൾ, സ്ഥാപനങ്ങൾ)<br>(കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 7,47,280 | 7,39,930 | (-)7,350 | |
| തൊഴിൽ നികുതി (ജീവനക്കാർ) | 17,99,360 | 17,96,012 | (-)3,348 | |
| ആകെ നികുതി വരവ് | 85,31,272 | 97,88,254 | (+)12,56,982 | 14.73% |
| ലൈസൻസ് ഫീസ് (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 1,59,300 | 1,30,990 | (-)28,310 | |
| ബസ് സ്റ്റാന്റ് വരവ് | 22,250 | 60,375 | (+)38,125 | |
| വാടക വരവ് | 21,29,470 | 28,90,103 | (+)7,60,633 | |
| മാർക്കറ്റ് വരവ് | 45,750 | 53,750 | (+)8,000 | |
| ഭൂമി ലീസ് വരവ് | 14,641 | 14,641 | - | |
| ഫീസുകൾ, ഫൈനുകൾ, യൂസർ ചാർജ്ജുകൾ | 15,07,078 | 30,68,692 | (+)15,61,614 | |
| ടെണ്ടർ ഫോറങ്ങളുടെയും മറ്റു ഫോറങ്ങളുടെയും | 3,41,829 | 2,90,440 | (-)51,389 | |

| | | | | |
|---|---|---|---|---|
| വിറ്റു വരവ് | | | | |
| മറ്റു വിൽപന വരവുകൾ (മണൽ) | 3,97,813 | 64,525 | (-)3,33,288 | |
| ആകെ നികുതിയേതര വരവ് | 46,18,131 | 65,73,516 | (+)19,55,385 | (+)42.34% |
| ബാങ്ക് അക്കൗണ്ടുകളിൽ ലഭിച്ച പലിശ | 8,21,986 | 7,18,487 | (-)1,03,499 | |
| ആകെ തനതു വരുമാനം | 1,39,71,389 | 1,70,80,257 | (+)31,08,868 | (+)22.25% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58,200 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 3,95,520 | 96 |
| വിധവാപെൻഷൻ | 1,50,56,160 | 2,142 |
| വാർദ്ധക്യകാലപെൻഷൻ | 1,62,73,830 | 3,246 |
| വികലാംഗപെൻഷൻ | 32,84,560 | 657 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 9,00,000 | 30 |
| 50 വയസ്സിൽ കൂടിയ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 30,080 | 08 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് 09.08.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43,575 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മംഗൽപാടി ഗ്രാമപഞ്ചായത്ത് -2016-17 വർഷത്തെ ഓഡിറ്റ്- ബിൽഡിംഗ് പെർമിറ്റ് - ക്രമവൽക്കരണഫീസ് ഈടാക്കിയതിൽ കുറവ്.

2016-17 വർഷത്തിൽ മംഗൽപാടി ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ് ക്രമവൽക്കരണ ഫീസ്

ഈടാക്കിയതിൽ കുറവ് കണ്ടെത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പ് നിർമ്മാണം തുടങ്ങിയാൽ അത്തരം നിർമ്മാണങ്ങളെ ക്രമവൽക്കരണം എന്ന രീതിയിൽ പരിഗണിച്ച് പെർമിറ്റ് ഫീസും, രാജിയാക്കൽ ഫീസും ഈടാക്കിയാണ് പെർമിറ്റ് അനുവദിക്കേണ്ടത്. കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 137(4), തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്ത് നം. 229813/ആർ.ഡി.2/ 15/ത.സ്വ.ഭ.വ.,തിയ്യതി 11.11.2015 എന്നിവ കാണുക. മംഗൽപാടി ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഫീസ് ഈടാക്കാതെ രാജിയാക്കൽ ഫീസ് മാത്രം വാങ്ങി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.(കാറ്റഗറി II പഞ്ചായത്ത്- പെർമിറ്റ് ഫീസ് ഗ്രൂപ്പ് A ഒക്യൂപ്പൻസി -3/- രൂപ, മറ്റുള്ളവ - 5/-)

| ക്രമ നം. | പെർമിറ്റ് അനുവദിച്ച പേര്, മേൽവിലാസം | പെർമിറ്റ് നം./ തിയ്യതി | തരം, പ്ലിന്ത് ഏരിയ | ഫീസ് ഈടാക്കിയത് (രാജിയാക്കൽ ഫീസ് മാത്രം) | ഫീസ് ഈടാക്കേണ്ടത്. (പെർമിറ്റ് ഫീസ്+ രാജിയാക്കൽ ഫീസ്) | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|---|
| 1 | ഇസ്മായിൽ, s/o ഇബ്രാഹിം മുക്രി, മംഗൽപാടി | BL-05/16-17/ dt.11.04.16 | ഗാർഹികം 232.99M2 | 1,398/- Rt.no.0422/ 11.04.16 | 699+1,398 =2,097/- | 699 |
| 2 | ഫൈസൽ അബ്ദുൾഖാദർ, s/o അബ്ദുൾഖാദർ, ഉപ്പള | BL-11/16-17/ dt.18.04.16 | ഗാർഹികം 281.53 M2 | 1,692/- Rt.no.0788/ 18.04.16 | 845+1,692 =2,537/- | 845 |
| 3 | അബൂബക്കർ സിദ്ദിഖ് s/o ഇബ്രാഹിം,ഉപ്പള | BL-19/16-17 dt.04.05.16 | ഗാർഹികം 237M2 | 1,422/- Rt.no.3178/ 4.5.16 | 711+1,422 =2,133/- | 711 |
| 4 | മുഹമ്മദ് മൊയ്തീൻ s/oമൊയ്തീൻ, മംഗൽപാടി | BL-32/16-17 dt.31.05.16 | ഗാർഹികം 138.64M2 | 834/- Rt.no.2568/ 31.05.16 | 416+834 =1,250/- | 416 |

| | | | | | | |
|---|---|---|---|---|---|---|
| 5 | അബ്ദുൾ ലത്തീഫ് s/oമമ്മൂഞ്ഞി,ഷിറിയ | BL-36/16-17 dt.06.06.16 | ഗാർഹികം 172.38M2 | 1,038/- Rt.no.2765/ 6.6.16 | 517+1,038 =1,555/- | 517 |
| 6 | പ്രഭാകര ഷെട്ടി s/oത്യംപണ്ണ ഷെട്ടി, ബേക്കൂർ | BL-42/16-17 dt.16.06.16 | ഗാർഹികം 130M2 | 780/- Rt.no.3172/ 16.06.16 | 390+780 =1,170/- | 390 |
| 7 | കെ.എച്ച്.അഷറഫ് s/oകുഞ്ഞാപ്പ ഹാജി, ഷിറിയ | BL-50/16-17 dt.01.07.16 | ഗാർഹികം 200.46M2 | 1,206/- Rt.no.1206/ 20.06.16 | 601+1,206 =1,807/- | 601 |
| 8 | സിദ്ദിഖ് s/oമൊയ്തീൻ,ഉപ്പള | BL-51/16-17 dt.04.07.16 | ഗാർഹികം 247.92M2 | 1,500/- Rt.no.6215/ 2.7.16 | 744+1,500 =2,244/- | 744 |
| 9 | മൊയ്തീൻ സമീർ s/oഇസുബു ബ്യാരി, മംഗൽപാടി | BL-56/16-17 dt.12.07.16 | ഗാർഹികം 168.61M2 | 1,020/- Rt.no.5772/ 20.06.16 | 506+1,012 =1,518/- | 498 |
| 10 | കനിയാല മുഹമ്മദ് s/oഹസൈനാർ കനിയാലഹൌസ്, കാസറഗോഡ് | BL-63/16-17 dt.18.07.16 | ഓഡിറ്റോറിയം 2119.54 M2 | 21,200/- Rt.no.6638/ 15.07.16 | 10,598+ 21,195 =31,793 | 10,593 |
| 11 | മൊയ്തീൻ കുഞ്ഞി s/oമുഹമ്മദ് ബ്യാരി, ഹേരൂർ | BL-66/16-17 dt.26.07.16 | ഗാർഹികം 270.06M2 | 1,626/- Rt.no.4617/ 25.07.16 | 810+1,620 =20,430 | 810 |
| 12 | സയ്യദ് അബ്ദുൾ സലീം s/oസയ്യദ് മുഹമ്മദ്, അഡ്ക്ക | BL-75/16-17 dt.22.08.16 | ഗാർഹികം 150.04M2 | 906/- Rt.no.5782/ 22.08.16 | 450+900 =1,350 | 450 |

| | | | | | | |
|---|---|---|---|---|---|---|
| 13 | ഹബീബ് റഹ്മാൻ s/oമുഹമ്മദ്,ഉപ്പള | BL-78/16-17 dt.22.08.16 | ഗാർഹികം 295.76M2 | 1,776/- Rt.no.5806/ 22.08.16 | 887+1,775 =2,662/- | 886 |
| 14 | റുബീന മറിയുമ്മ w/oജമാലുദ്ദീൻ, മംഗൽപാടി | BL-79/16-17 dt.23.08.16 | ഗാർഹികം 202.29M2 | 1,218/- Rt.no.5884/ 23.08.16 | 607+1,214 =1,821/- | 603 |
| 15 | മൊയ്തീൻ കുഞ്ഞി s/oഅന്തു,ഇച്ചിലംകോട് | BL-84/16-17 dt.09.09.16 | ഗാർഹികം 260.95M2 | 1,566/- Rt.no.6399/ 09.09.16 | 783+1,566 =2,349/- | 783 |
| 16 | അബ്ദുൾസലീംഅഹമ്മദ് s/oഅഹമ്മദ്,അഡ്ക്ക | BL-91/16-17 dt.28.09.16 | ഗാർഹികം 140.96M2 | 850/- Rt.no.6912/ 28.09.16 | 423+846 =1,296/- | 419 |
| 17 | അബ്ദുള്ള s/oപള്ളിക്കുഞ്ഞി, ഇച്ചിലംകോട് | BL-96/16-17 dt.14.10.16 | ഗാർഹികം 131.23M2 | 795/- Rt.no.7412/ 14.10.16 | 394+787 =1,181/- | 386 |
| 18 | ഖുർഷിന ബാനു, d/oബി.എസ്.മുഹമ്മദ് മംഗൽപാടി | BL-99/16-17 dt.20.10.16 | ഗാർഹികം 167.66M2 | 1,008/- Rt.no.7697/ 20.10.16 | 503+1,006 =1,509/- | 501 |
| 19 | ബീഫാത്തുമ്മ w/oമുഹമ്മദ് മംഗൽപാടി | BL-117/16-17 dt.15.11.16 | ഗാർഹികം 136.28M2 | 820/- Rt.no.8802/ 15.11.16 | 409+818 =1,227/- | 407 |
| 20 | അബ്ദുൾ ഹമീദ് s/oപരിയ ബ്യാരി,ഉപ്പള | BL-121/16-17 dt.26.11.16 | ഗാർഹികം 167.04M2 | 1,020/- Rt.no.9562/ 26.11.16 | 501+1,002 =1,503/- | 483 |

| | | | | | | |
|---|---|---|---|---|---|---|
| 21 | ജഗദീശ സുവർണ്ണ, s/oകൃഷ്ണപ്പ പൂജാരി,കയ്യാർ | BL-128/16-17 dt.07.12.16 | ഗാർഹികം-275.36M2 കച്ചവടം-435.23M2 | 6,010/- Rt.no.9966/ 07.12.16 | 3,002+ 6,004 =9,006/- | 2,996 |
| 22 | മുഹമ്മദ്,s/o ഇബ്രാഹിം ഷിറിയ | BL-137/16-17 dt.21.12.16 | ഗാർഹികം 100.40M2 കച്ചവടം 23.04M2 | 840/- Rt.no.10454/ 21.12.16 | 301+602+ 115+230 =1,248 | 408 |
| 23 | മുഹമ്മദ് ഹനീഫ് s/oഅബ്ദുൾറഹിമാൻ ഉപ്പള | BL-141/16-17 dt.04.01.17 | ഗാർഹികം 261.94M2 | 1580/- Rt.no.1160/ 07.01.17 | 786+1,572 =2,358 | 778 |
| 24 | കുഞ്ഞാലി, s/o മൊയ്തീൻ കുഞ്ഞി, ഇച്ചിലംകോട് | BL-145/16-17 dt.04.01.17 | ഗാർഹികം 161.52M2 | 980/- Rt.no.10986/ 04.01.17 | 485+969 =1,454/- | 474 |
| 25 | ഖദീജത്ത് രഹനാസ് w/o മുനീർ,മംഗൽപാടി | BL-146/16-17 dt.07.01.17 | ഗാർഹികം 260.68M2 | 1570/- Rt.no.1152/ 07.01.17 | 782+1,564 =2,346/- | 776 |
| 26 | ഹൈദർ,s/o മുഹമ്മദ്, ഇച്ചിലംകോട് | BL-147/16-17 dt.07.01.17 | ഗാർഹികം 148.12M2 | 900/- Rt.no.1168/ 07.01.17 | 444+889 =1,333/- | 433 |
| 27 | അബ്ദുള്ള മെർക്കള s/oഉപ്പക്കുഞ്ഞി, മംഗൽപാടി | BL-154/16-17 dt.21.01.17 | ഗാർഹികം 281.28M2 | 1700/- Rt.no.11992/ 21.01.17 | 844+1,688 =2,532/- | 832 |
| 28 | യൂസഫ്.എസ് | BL-155/16-17 | ഗാർഹികം | 920/- | 455+909 | 444 |

| | | | | | | |
|---|---|---|---|---|---|---|
| | s/oമൊയ്തീൻ,ഷിറിയ | dt.13.01.17 | 151.51M2 | Rt.no.11553/ 13.01.17 | =10,364/- | |
| 29 | മോക്ഷത w/oബാലകൃഷ്ണ ഷെട്ടി, മംഗൽപാടി | BL-207/16-17 dt.27.03.17 | ഗാർഹികം 253.84M2 | 1050/- Rt.no.14915/ 27.03.17 | 762+1,523 =2,285/- | 1,235 |
| ക്രമവൽക്കരണഫീസ് ഈടാക്കിയതിൽ ആകെ കുറവ് | | | | | | 30,118/- |

മേൽ വിവരിച്ച പ്രകാരം ആകെ 30,118/- രൂപ ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് വന്നതിന് ഓഡിറ്റ് എൻക്വയറി നം.03/14.08.2017 പ്രകാരം വിശദീകരണം ചോദിച്ചതിന് 17.08.2017 ന് മറുപടി നൽകിയിട്ടുണ്ട്. ഈ തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കും എന്നാണ് മറുപടി നൽകിയിരിക്കുന്നത്. 30,118/- രൂപ ഉടൻ പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്, അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈ തുക ഈടാക്കേണ്ടതാണ്.

## 2-2 ടെലികോം കമ്പനിക്ക് കേബിൾ കുഴിയെടുക്കുന്നതിന് പെർമിറ്റ് നൽകിയത് - തുക ഈടാക്കിയതിൽ കുറവ്

മംഗൽപാടി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് കൊച്ചി എന്ന ടെലികോം കമ്പനിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് കുഴിയെടുക്കുന്നതിന് നം.എ3-10634/15/എം.പി.ജി.പി, തിയ്യതി 07.09.2016 പ്രകാരം പെർമിറ്റ് നൽകിയിട്ടുണ്ട്. റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് കൊച്ചിയുടെ 02.12.2015 ലെ അപേക്ഷ പരിഗണിച്ചാണ് ആകെ 2.2 കിലോ മീറ്റർ നീളത്തിൽ ഗ്രാമപഞ്ചായത്തിനകത്ത് കുഴിയെടുക്കുന്നതിന് പെർമിറ്റ് നൽകിയത്. ഈ പെർമിറ്റ് അനുവദിച്ചതിന് ഫീസ് ഇനത്തിൽ ആകെ 1,52,327/- രൂപ രശീത് നം.03/07.09.16 പ്രകാരം പിരിച്ചെടുത്തിട്ടുണ്ട്. ഈ പെർമിറ്റ് അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

(ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് ദേശീയപാത വിഭാഗം, തിരുവനന്തപുരം, സർക്കുലർ നം.എൻ.എച്ച്.5.ഡി.10-1842/85(ബി), തിയ്യതി.10.10.2012 കാണുക)

1) റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് കൊച്ചി സമർപ്പിച്ച അപേക്ഷ പൂർണ്ണമല്ല. അപേക്ഷയിൽ ആകെ 2.2 കിലോമീറ്റർ കുഴിക്കുന്നതിന് അനുമതി നൽകണം എന്ന മാത്രമാണ് രേഖപ്പെടുത്തിയത്, കുഴിയുടെ വീതി, ആഴം എന്നിവ സൂചിപ്പിച്ചിട്ടില്ല.

2)Restoration charges കണക്കാക്കിയതിൽ കുറവ്.

(a)സാധാരണ പ്രതലങ്ങളിൽ കേബിൾ കുഴിക്കുന്നത് Restoration width എന്നാൽ Trench width ന്റെ 1.5 മടങ്ങ് ആയിരിക്കണമെന്ന് മേൽ സൂചിപ്പിച്ച സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ബന്ധപ്പെട്ട അസി.എഞ്ചിനീയർ പരിശോധനാ റിപ്പോർട്ടിൽസൂചിപ്പിച്ച Trench width ആയ 0.4 m ന്റെ Restoration width എന്നാൽ 0.4x1.5 = 0.6 m ആണ്.

ആയതിനാൽ

Restoration area = 2,200x0.6 = 1,320sqm

Restoration charges = 1,320x161/sqm = 2,12,520/-

ഗ്രാമ പഞ്ചായത്ത് കണക്കാക്കിയത് താഴെപ്പറയും പ്രകാരമാണ്

Restoration area = 2,200x0.4 = 880sqm

Restoration charges = 880x161/sqm = 1,41,680/-

Restoration charges ഈടാക്കിയതിൽ കുറവ് = 2,12,520 – 1,41,680 = 70,840/-

(b)ടാർ പ്രതലങ്ങളിൽ Restoration width ചുരുങ്ങിയത് 1m ആയിരിക്കണമെന്ന് സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് കൊച്ചി ടാർ പ്രതലങ്ങളിൽ 17.5 m കേബിൾ കുഴിയെടുത്തിട്ടുണ്ട്. ഇതിന് തുക ഈടാക്കേണ്ടത് താഴെപ്പറയും പ്രകാരമാണ്.

Restoration area = 5x3.5x1 = 17.5 m

Restoration charges = 17.5x1521 = 26,616/-

ഗ്രാമ പഞ്ചായത്ത് കണക്കാക്കിയത് താഴെപ്പറയും പ്രകാരമാണ്

Restoration width = 5x3.5x0.4 = 7sqm

Restoration charges = 7x1521/sqm = 10,647/-

Restoration charges ഈടാക്കിയതിൽ കുറവ് = 26,616 – 10,647 =15,969/-

a,b എന്നിവ പ്രകാരം ആകെ കുറവ് = 70,840+15,969 = 86,809/- രൂപ.

3)റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, കൊച്ചി എന്ന ടെലികോം കമ്പനിക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് കുഴിയെടുക്കുന്നതിന് പെർമിറ്റ് അനുവദിച്ചതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന വിവര സാങ്കേതിക വിദ്യാ വകുപ്പിൽ നിന്നും Rights Of Way(ROW) പെർമിഷൻ എടുത്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4)കേരള സംസ്ഥാന ഇൻഫർമേഷൻ & ടെക്ക്നോളജി വകുപ്പ് ഡയറക്ടർക്ക് One Time Contribution ആയി കിലോ മീറ്ററിന് 75,000/- രൂപ പ്രകാരം ആകെ 1,65,000/- രൂപ ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5)കുഴി എടുക്കുന്ന നീളത്തിന് ആനുപാതികമായി Security Deposit ആയി കേരള സംസ്ഥാന വിവര സാങ്കേതിക വിദ്യാ വകുപ്പിന് ഹാജരാക്കിയ ബാങ്ക് ഗ്യാരണ്ടിയുടെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.02/14.08.2017 പ്രകാരം വിശദീകരണം ചോദിച്ചതിന് 17.08.2017 ന് മറുപടി നൽകിയിട്ടുണ്ട്. Restoration charges ഇനത്തിൽ കുറവ് വന്ന 86,809/- രൂപ പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കും എന്നാണ് മറുപടി നൽകിയിരിക്കുന്നത്. ക്രമ നം.(3), (4), (5) എന്നിവയിൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച് മറുപടിയിൽ പറഞ്ഞിട്ടില്ല. ഈ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-3 രശീതി പിരിവ് - അപാകതകൾ

I. മാന്വൽ രശീതി ബുക്ക് വഴി പിരിച്ചെടുത്ത താഴെക്കൊടുത്തിരിക്കുന്ന നികുതി തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസങ്ങളിൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | പിരിച്ചെടുത്ത തുക & രശീതി നം. | നികുതി പിരിച്ചെടുത്ത തീയ്യതി | പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയ തീയ്യതി | രശീതി ബുക്ക് ഏറ്റെടുത്ത ജീവനക്കാരൻ |
|---|---|---|---|---|
| 01 | തുക- 80,980/- | 21.02.2017 | 23.02.2017 | സിയാദ്, ജെ, |

| | | | | |
|---|---|---|---|---|
| | (28061/01-95) | | | ക്ലർക്ക് |
| 02 | തുക- 1,08,675/-<br>(28061/96-100 &<br>28066/01-100) | 22.02.2017 | 25.02.2017 | സിയാദ്, ജെ, ക്ലർക്ക് |
| 03 | തുക- 4,240/-<br>(28065/36-46) | 20.03.2017 | 24.03.2017 | സത്യൻ, ഓവർസിയർ |
| 04 | തുക- 15,463/-<br>(28060/11-27) | 26.09.2016 | 26.11.2016 | ലതേഷ് കുമാർ എൻ, ക്ലർക്ക് |
| 05 | തുക- 8376/-<br>(28060/28-36) | 27.09.2016 | 26.11.2016 | ലതേഷ് കുമാർ എൻ,ക്ലർക്ക് |
| 06 | തുക- 23,840/-<br>( 28060/37-79) | 28.09.2016 | 26.11.2016 | ലതേഷ് കുമാർ എൻ, ക്ലർക്ക് |
| 07` | തുക- 15,128/-<br>(28060/80-98 | 29.09.2016 | 26.11.2016 | ലതേഷ് കുമാർ എൻ, ക്ലർക്ക് |
| 08 | തുക- 246/-<br>(28060/99) | 29.11.2016 | 30.12.2016 | ലതേഷ് കുമാർ എൻ, ക്ലർക്ക് |
| 09 | തുക- 896/-<br>(28062/01-02) | 01.02.2017 | 30.06.2017 | ലതേഷ് കുമാർ എൻ, ക്ലർക്ക് |
| 10 | തുക- 736/-<br>(28062/03) | 06.02.2017 | 30.06.2017 | ലതേഷ് കുമാർ എൻ, ക്ലർക്ക് |
| 11 | തുക- 677/-<br>(28062/04-06) | 10.02.2017 | 30.06.2017 | ലതേഷ് കുമാർ എൻ, ക്ലർക്ക് |
| 12 | തുക- 219/-<br>(28062/08) | 09.03.2017 | 30.06.2017 | ലതേഷ് കുമാർ എൻ, ക്ലർക്ക് |
| 13 | തുക- 21,192/-<br>(28062/09-43) | 14.03.2017 | 30.06.2017 | ലതേഷ് കുമാർ എൻ, ക്ലർക്ക് |
| 14 | തുക-38,520/- | 17.03.2017 | 30.06.2017 | ലതേഷ് കുമാർ എൻ, |

| | | | | |
|---|---|---|---|---|
| | (28062/44-62) | | | ക്ലർക്ക് |
| 15 | തുക- 12,685/- (28062/63-71) | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല | 30.06.2017 | ലതേഷ് കുമാർ എൻ, ക്ലർക്ക് |
| 16 | തുക- 27,767/- (28062/72-84) | 22.03.2017 | 30.06.2017 | ലതേഷ് കുമാർ എൻ, ക്ലർക്ക് |
| 17 | തുക – 981/- 2(28062/85-87) | 27.03.2017 | 30.06.2017 | ലതേഷ് കുമാർ എൻ, ക്ലർക്ക് |
| 18 | തുക- 8,600/- (28062/88) | തീയ്യതി രേഖപ്പെടുത്തിയിട്ടില്ല | 30.06.2017 | ലതേഷ് കുമാർ എൻ, ക്ലർക്ക് |
| 19 | തുക-345 /- (28062/89-90) | 31.03.2017 | 30.06.2017 | ലതേഷ് കുമാർ എൻ, ക്ലർക്ക് |
| 20 | തുക- 9,854/- (28071/01-15) | 06.06.2017 | 20.06.2017 | ലതേഷ് കുമാർ എൻ, ക്ലർക്ക് |

(കുറിപ്പ്- മേൽ ക്രമ നം. 20 പ്രകാരം പിരിച്ചെടുത്ത (9,854/-)റശീതികളിലെ തീയ്യതികളിൽ തിരുത്തൽ വരുത്തിയിട്ടുണ്ട്. നികുതിദായർക്ക് നൽകിയ പകർപ്പിൽ 06.06.2017 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അസ്സൽ രശീതിയിൽ 16.06.2017 എന്ന് തിരുത്തിയിട്ടുണ്ട്.)

നികുതി പിരിവിനായി നൽകിയ റശീതിബുക്കുകൾ(28060, 28062) തിരികെ ഹാജരാക്കാത്തതിനാൽ ലതേഷ് കുമാർ,എൻ എന്ന ക്ലർക്കിനെതിരെ കുറ്റാരോപണ മെമ്മോ നൽകുകയും 27.06.2017 തീയ്യതിയിൽ മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്തതിന്റെ ഫലമായി രശീതി ബുക്കുകൾ പ്രസ്തുത ക്ലർക്ക് തിരിച്ചേൽപ്പിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത റശീതി ബുക്കുകൾ വഴി പിരിച്ചെടുത്ത 1,12,518/- രൂപയുടെ നികുതിപണം 30.06.2017 തീയ്യതിയിൽ മേൽ ക്ലർക്ക് പഞ്ചായത്തിൽ അടവാക്കുകയുണ്ടായി. സാമ്പത്തിക ക്രമക്കേട് നടത്തിയെന്ന് ബോധ്യപ്പെട്ടതിനാൽ അച്ചടക്ക നടപടിയുടെ ഭാഗമായി കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 01.07.2017 ലെ എ-5-4417/2017 നം. ഉത്തരവ് പ്രകാരം മേൽ ക്ലർക്കിനെ സർവ്വീസിൽ നിന്നും സസ്പന്റ് ചെയ്യുകയുണ്ടായി. മേൽ ക്ലർക്ക് 2016 സെപ്റ്റമ്പർ മാസത്തിലാണ് മംഗൽപാടി പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചത്. ജോലിയിൽ പ്രവേശിച്ച മാസം തന്നെ ഇദ്ദേഹം പുറംനികുതി പിരിവ് വഴി പിരിച്ചെടുത്ത തുകകൾ വൈകിയാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതെന്ന് മേൽപട്ടികയിലെ ക്രമ നം. 04 മുതൽ 20 വരെയുള്ള അടവ് വിവരങ്ങൾ പരിശോധിച്ചാൽ ബോധ്യപ്പെടുന്നതാണ്. പിന്നീട് 2017 ജൂണിലാണ് സാമ്പത്തിക തിരിമറികൾ ശ്രദ്ധയിൽപ്പെടുന്നതും മേൽ ക്ലർക്കിനെതിരെ നടപടികൾ സ്വീകരിക്കുന്നതും. ജോലിയിൽ പ്രവേശിച്ച് പത്ത് മാസങ്ങൾക്ക് ശേഷം മാത്രമാണ് മേൽ ക്ലർക്കിന്റെ ഇത്തരത്തിലുള്ള സാമ്പത്തിക തിരിമറികൾ ശ്രദ്ധയിൽപ്പെട്ടത് എന്ന വസ്തുത മേലുദ്യോഗസ്ഥരുടെ കൃത്യമായ മേൽനോട്ടക്കുറവിലേക്കാണ് വിരൽ ചൂണ്ടുന്നത്. പുറം നികുതി പിരിവ് തുകയുടെ കൃത്യതയോ പിരിവ് തുകകൾ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ക്ലർക്കുമാർ അടവാക്കുന്നുണ്ടോ എന്നുള്ള കാര്യങ്ങളിൽ മേലുദ്യോഗസ്ഥർ വേണ്ടത്ര ശ്രദ്ധ ചെലുത്താത്തത് മൂലമാണ് ഇത്തരത്തിലുള്ള സംഭവങ്ങൾക്ക് ഇടയാക്കിയത് എന്നാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

II . മംഗൽപാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.09.2016 തീയ്യതിയിലെ 39/2016 നം. ഓഫീസ് ഉത്തരവ് പ്രകാരം നം.14,15,18,20,21 എന്നീ വാർഡുകളുടെ നികുതി പിരിവിന്റെ ചുമതലയാണ് ലതേഷ് കുമാർ.എൻ എന്ന

ക്ലർക്കിനു നൽകിയിരിക്കുന്നത് (സെക്ഷൻ ബി 6). എന്നാൽ മേൽ ജീവനക്കാരന് നികുതി പിരിവിനായി നൽകിയ രശീതി ബുക്കുകൾ പ്രകാരം ചുമതലയിൽപ്പെടാത്ത വാർഡുകളുടെ നികുതി കൂടി പിരിച്ചെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| രശീതി നം.& തീയ്യതി | നികുതിയിനം | തുക | വാർഡ് നം.& കെട്ടിട നം. |
|---|---|---|---|
| 28060/01 തീ.24.09.2016 | കെട്ടിട നികുതി | 1144/- | XVII- 542 A |
| 28060/03 തീ.24.09.2016 | കെട്ടിട നികുതി | 908/- | XVII- 260 |
| 28060/05 തീ.24.09.2016 | കെട്ടിട നികുതി | 792/- | II- 342 B |
| 28060/06 തീ.24.09.2016 | കെട്ടിട നികുതി | 1711/- | XII- 177 A |
| 28060/09 തീ.24.09.2016 | കെട്ടിട നികുതി | 6806/- | III- 237 B |
| 28060/13 തീ.26.09.2016 | കെട്ടിട നികുതി | 103/- | VI- 330 |
| 28060/14 തീ.26.09.2016 | കെട്ടിട നികുതി | 105/- | XI- 558 |
| 28060/15 തീ.26.09.2016 | കെട്ടിട നികുതി | 741/- | X- 475 |
| 28060/16 തീ.26.09.2016 | കെട്ടിട നികുതി | 135/- | IX- 100 |
| 28060/18 തീ.26.09.2016 | കെട്ടിട നികുതി | 2103/- | XIII- 572 A |
| 28060/19 തീ.26.09.2016 | കെട്ടിട നികുതി | 117/- | XVI- 167 |
| 28060/20 തീ.26.09.2016 | കെട്ടിട നികുതി | 2909/- | V-983 B 12 |
| 28060/22 തീ.26.09.2016 | കെട്ടിട നികുതി | 2284/- | IV-1163 |
| 28060/47 തീ.28.09.2016 | കെട്ടിട നികുതി | 3299/- | IV-1076 A1 |
| 28062/02 തീ.01.02.2017 | കെട്ടിട നികുതി | 588/- | VIII-288 |
| 28062/16 തീ.14.03.2017 | കെട്ടിട നികുതി | 614/- | XXII-691 |
| 28071/01 തീ.06.06.2017 | കെട്ടിട നികുതി | 760/- | XIX-125 A |

മേൽ ക്ലർക്കിനു അധിക ചുമതല നൽകി ഓഫീസ് ഉത്തരവ് നിലവിലുണ്ടെങ്കിൽ പ്രസ്തുത വിവരം പരിശോധനയ്ക്കായി ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിനു സംഭവിച്ച നഷ്ടം പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ച അസിസ്റ്റന്റ് എഞ്ചിനീയർ, പ്രവൃത്തിയുടെ അളവുകൾ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-4 ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ- 7.5% ഓവർഹെഡ് ചാർജ് അനുവദിച്ചിട്ടും നികുതികൾ പഞ്ചായത്ത് വഹിച്ചു- നഷ്ടം

2016-17 വർഷം ഗുണഭോക്തൃ സമിതികൾ മുഖേന നിർവഹണം നടത്തിയ 2 പ്രവൃത്തികളിൽ, എസ്റ്റിമേറ്റിൽ 7.5% ഓവ്വഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയിട്ടും നികുതികളും ക്ഷേമ നിധി വിഹിതവും അടക്കാൻ പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചതായി കാണുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.12.2016 ലെ സർക്കുലർ നം ഡി.ബി.3-9512(ബി)/2013 /സി.ഇ/ത.സ്വ.ഭ.വ. പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്താവുന്ന ഓവർഹെഡ് ചാർജ് 7.5% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം 7.5% ഓവർഹെഡ് ചാർജ് എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തുന്ന പക്ഷം നികുതികളും മറ്റു ചെലവുകളും ഓവർഹെഡ് ചാർജിൽ നിന്നും കണ്ടെത്തണമെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓവർഹെഡ് ചാർജ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടും 2 പ്രവൃത്തികളുടെ മൂല്യ വർദ്ധിത നികുതി, ക്ഷേമ നിധി വിഹിതം എന്നിവയുള്ള ചെലവ് പഞ്ചായത്ത് തന്നെവഹിച്ചതായി കാണുന്നു. ആയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, മറ്റു വിശദാംശങ്ങൾ | കരാറുകാരന് തുക നൽകിയതിന്റെ വിവരങ്ങൾ | അധികം നൽകിയ തുകയുടെ വിവരങ്ങൾ |
|---|---|---|---|
| 1 | 256/17-ഇച്ചിലങ്കോട് ജല സേചന പദ്ധതി<br>തനതു ഫണ്ട്-3 ലക്ഷം രൂപ<br>കൺവീനർ-അബ്ദുൾ ബഷീർ<br>എം. ബുക്ക് നം. Nil<br>ചെലവ്- ചെക്ക് നം.642305 തിയതി 31.03.2017, തുക 2,82,571 | പ്രവൃത്തി മൂല്യം-2,65,633<br>(+) മൂല്യ വർദ്ധിത നികുതി(5%)13,282<br>ക്ഷേമനിധി വിഹിതം<br>(1%)- 2,656<br>ഗ്രോസ്തുക-2,81,571<br>(-) മൂല്യ വർദ്ധിത നികുതി-13,282<br>ക്ഷേമനിധി-2,656<br>ആദായനികുതി-5,313<br>കൺവീനർക്ക് നൽകിയ തുക-<br>2,60,320<br>ബില്ലിന്റെ ഗ്രോസ് തുക- 2,81,571<br>കൺവീനർക്ക് നൽകിയ തുക-2,60,320 | പ്രവൃത്തി മൂല്യം-2,65,633<br>(-) മൂല്യ വർദ്ധിത നികുതി-<br>13,282<br>ക്ഷേമനിധി- 2,656<br>ആദായ നികുതി-5,313<br>നെറ്റ് തുക- 2,44,382<br>ബില്ലിന്റെ ഗ്രോസ് തുക- 2,65,633<br>കൺവീനർക്ക് നൽകേണ്ടിയിരുന്ന തുക- 2,44,382<br>അധികം നൽകിയ തുക- 15,938 രൂപ |
| 2 | 38/17-പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ഒന്നാം നിലയിലേക്ക് കോണിപ്പടി നിർമിക്കൽ<br>തനതു ഫണ്ട്- 1.5 ലക്ഷം രൂപ<br>കൺവീനർ-മുഹമ്മദ് റഫീഖ്<br>എം. ബുക്ക് നം. | പ്രവൃത്തി മൂല്യം-1,14,643<br>(+) മൂല്യ വർദ്ധിത നികുതി-(5%)- 5,732<br>ക്ഷേമനിധി വിഹിതം<br>(1%)- 1,146<br>ഗ്രോസ് തുക- 1,21,521<br>(-)മൂല്യ വർദ്ധിത നികുതി- 5,732<br>ക്ഷേമനിധി- 1,146 | പ്രവൃത്തി മൂല്യം-1,14,643<br>(-) മൂല്യ വർദ്ധിത നികുതി-<br>5,732<br>ക്ഷേമനിധി- 1,146<br>ആദായ നികുതി-2,293<br>നെറ്റ് തുക- 1,05,472<br>ബില്ലിന്റെ ഗ്രോസ് |

| | | | |
|---|---|---|---|
| | 173/16-17<br>ചെലവ്- ചെക്ക് നം. 642305 തിയതി 31.03.2017, തുക 1,21,521 | ആദായനികുതി- 2,293<br>കൺവീനർക്ക് നൽകിയതുക-1,12350<br>ബില്ലിന്റെ ഗ്രോസ് തുക- 1,21,521<br>കൺവീനർക്ക് നൽകിയതുക- 1,12,350 | തുക- 1,14,643<br>കൺവീനർക്ക് നൽകേണ്ടിയിരുന്ന തുക- 1,05,472<br>അധികം നൽകിയ തുക- 6,878 രൂപ |

സ്ര്ക്കാർ മാർഗനിർദേശങ്ങൾ ലംഘിച്ചതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം പ്രവൃത്തികളുടെ അന്തിമ ബില്ലുകൾ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 വനിതകൾക്ക് മുട്ടക്കോഴി വിതരണം- പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ വികസന ഫണ്ടിൽ നിന്ന് മുഴുവൻ ചെലവും വഹിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, മംഗൽപ്പാടി

പ്രോജക്റ്റ് നം.- 74/17- വനിതകൾക്ക് മുട്ടക്കോഴി വിതരണം

അടങ്കൽ- 8,02,000 (വികസന ഫണ്ട്-ജനറൽ-5,00,000, സ്ഥാപനത്തിൽ അടക്കുന്ന ഗുണഭോക്തൃ വിഹിതം- 3,02,000)

ചെലവ്- ബിൽ നം. 3/16-17തിയതി 03.03.2017, 1,93,282 രൂപ (വികസന ഫണ്ട്-ജനറൽ)

40 മുതൽ 50 ദിവസം വരെ പ്രായമായ 7 മുട്ടക്കോഴികൾ അടങ്ങുന്ന 1,000 യൂണിറ്റുകൾ ഒരു യൂണിറ്റിന് 802 രൂപ നിരക്കിൽ വിതരണം ചെയ്യാനായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തത്. ഒരു യൂണിറ്റിന് 500 രൂപയായിരുന്നു വികസന ഫണ്ടിൽ നിന്നുള്ള സബ്സിഡി. ബാക്കി 302 രൂപ ഗുണഭോക്താക്കൾ വഹിക്കേണ്ടിയിരുന്നു.

ഈ പദ്ധതിയിൽ 241 ഗുണഭോക്താക്കളിൽ നിന്ന് 302 രൂപ വീതം (ആകെ 72,782) ഗുണഭോക്തൃ വിഹിതമായി നിർവഹണ ഉദ്യോഗസ്ഥൻ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം അടച്ച 241 ഗുണഭോക്താക്കൾക്ക് മാത്രമാണ് ഈ പദ്ധതിയിൽ കോഴികളെ വിതരണം ചെയ്തത്. 241 യൂണിറ്റുകൾക്ക് ആവശ്യമുള്ള ആകെ തുക 1,93,282 രൂപയാണ്. (241 x 802). ഇതിൽ യൂണിറ്റിന് 500 രൂപ നിരക്കിൽ 1,20,500 രൂപ മാത്രമേ പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്നുള്ളൂ. ബാക്കി 72,782 രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ച ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്നു. എന്നാൽ ഈ പദ്ധതിയിലെ മൊത്തം ചെലവും നിർവഹണ ഉദ്യോഗസ്ഥൻ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. പഞ്ചായത്ത് ഫണ്ടിൽ അടച്ച ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ തുടരുകയാണ്. ഗുണഭോക്തൃ വിഹിതത്തിന് പകരം വികസന ഫണ്ട് ചെലവഴിക്കുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിൽ ഉള്ള ഗുണഭോക്തൃ വിഹിതം പിൻവലിച്ച് സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് അടക്കേണ്ടതാണ്.

## 3-6 ഭവനനിർമ്മാണം പ്രവൃത്തിപൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ.

നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ. ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ പദ്ധതികളിൽ നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുകയുണ്ടായി. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ഗുണഭോക്താവിന്റെ പേര് | യൂണിറ്റ് കോസ്റ്റ് 75,000/- (ആനുപാതിക | നാളിതുവരെ കൈപ്പറ്റിയ തുക | ബാലൻസ് | വിടിന്റെ ഇപ്പോഴത്തെ സ്റ്റേജ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വർദ്ധനഅധിക വിഹിതസഹിതം) | | | |
| 1 | ശ്രീമതി.ശകീല, ഹേരൂർ | 75,000/- | 52,500/- | 22,500/- | മേൽക്കൂര നിർമ്മാണം |
| 2 | ശ്രീമതി.ലക്ഷ്മി, ഉപ്പള | 75,000/- | 67,500/- | 7,500/- | മേൽക്കൂര നിർമ്മാണം |
| 3 | ശ്രീ.ചന്ദ്രഹാസ അബ്ബിക്കര, ഉപ്പള | 75,000/- | 52,500/- | 22,500/- | തറ നിർമ്മാണം |
| 4 | ശ്രീ.ഉപേന്ദ്ര ചാക്കടാഡി ഹേരൂർ | 75,000/- | 52,500/- | 22,500/- | തറ നിർമ്മാണം |
| 5 | ശ്രീ.ഗണപതി, ശാന്തിമള | 1,12,500/- | 92,500/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 6 | ശ്രീ.മുഹമ്മദ്പട്ന, ഹേരൂർ | 75,000/- | 52,500/- | 22,500/- | മേൽക്കൂര നിർമ്മാണം |
| 7 | ശ്രീമതി.മരിയമ്മ, മുട്ടം, ഓളയം | 75,000/- | 52,500/- | 22,500/- | തറ നിർമ്മാണം |
| 8 | ശ്രീമതി.മൈമൂന, പച്ചമ്പള | 75,000/- | 67,500/- | 7,500/- | മേൽക്കൂര നിർമ്മാണം |
| 9 | ശ്രീ.മുഹമ്മദ്സീദി, മുട്ടം, ബെരിക്ക | 75,000/- | 52,500/- | 22,500/- | തറ നിർമ്മാണം |
| 10 | ശ്രീമതി.മറിയാമ്മ, ചൂക്രിയടുക്ക | 75,000/- | 52,500/- | 22,500/- | തറ നിർമ്മാണം |
| 11 | ശ്രീ.കുഞ്ഞിരാമ, ബന്ദിയോട് | 75,000/- | 52,500/- | 22,500/- | തറ നിർമ്മാണം |
| 12 | ശ്രീമതി.കൃഷ്ണവേണി, ഇച്ചിലങ്കോട് | 75,000/- | 52,500/- | 22,500/- | തറ നിർമ്മാണം |
| 13 | ശ്രീ.ഹമീദ്, മൂസോടി | 75,000/- | 52,500/- | 22,500/- | തറ നിർമ്മാണം |
| 14 | ശ്രീ.ആബൂബക്കർ, ഷിറിയ | 75,000/- | 22,500/- | 52,500/- | തറ നിർമ്മാണം |
| 15 | ശ്രീമതി.കമല, കോടിബൈൽ | 75,000/- | 30,000/- | 45,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 16 | ശ്രീമതി.ബീപാത്തുമ്മ, മുളിഞ്ച | 1,12,000/- | 92,500/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 17 | ശ്രീമതി.മറിയാമ്മ, ബന്ദിയോട് | 1,12,500/- | 92,500/- | 20,000/- | ഭിത്തി നിർമ്മാണം |
| 18 | ശ്രീ.മുഹമ്മദാലി, മൂസോടി | 75,000/- | 22,500/- | 1,40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 19 | ശ്രീമതി.ഉഷാ, ഐല | 1,62,500/- | 22,500/- | 1,40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 20 | ശ്രീമതി.അവ്വാബി അലീഫ്ബസാർ,ഉപ്പള | 1,12,500/- | 52,500/- | 60,000/- | തറ നിർമ്മാണം |
| 21 | ശ്രീമതി.സുജാത, കൈക്കമ്പ | 1,12,500/- | 52,500/- | 60,000/- | തറ നിർമ്മാണം |
| 22 | ശ്രീമതി.നബീസ, ഇച്ചിലങ്കോട് | 1,12,500/- | 52,500/- | 60,000/- | തറ നിർമ്മാണം |

| | | | | | |
|---|---|---|---|---|---|
| 23 | ശ്രീമതി.വസന്തി,<br>ഐല ഗേറ്റ് | 1,12,500/- | 52,500/- | 60,000/- | തറ നിർമ്മാണം |
| 24 | ശ്രീമതി.ദൂമക്കാ,<br>ബേരികെ | 1,12,500/- | 92,500/- | 20,000/- | ഭിത്തി നിർമ്മാണം |
| 25 | ശ്രീമതി.നൂറുന്നീസ,<br>കോടിബയൽ | 1,12,500/- | 52,500/- | 60,000/- | തറ നിർമ്മാണം |
| 26 | ശ്രീമതി.ജലജാക്ഷി, കൈക്കമ്പ | 1,12,500/- | 92,500/- | 20,000/- | ഭത്തി നിർമ്മാണം |
| 27 | ശ്രീമതി.ജ്യോതി,<br>ഐല | 1,12,500/- | 52,500/- | 60,000/- | തറ നിർമ്മാണം |
| 28 | ശ്രീമതി.പുഷ്പവതി,<br>പംജത്തൊട്ടി | 1,12,500/- | 92,500/- | 20,000/- | ഭിത്തി നിർമ്മാണം |
| 29 | ശ്രീമതി.മാധവി,<br>ബന്ദിയോട് | 1,62,500/- | 22,500/- | 1,40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 30 | ശ്രീ.അബ്ദുൻ നാസർ,<br>പംജത്തൊട്ടി | 1,12,500/- | 92,500/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 31 | ശ്രീ.സദാശിവ,<br>ഐല | 1,02,250/- | 1,02,500/- | 60,000/- | തറ നിർമ്മാണം |
| 32 | ശ്രീമതി.നൂരിബാനു,<br>ഫിർദോസ് നഗർ, ഉപ്പള | 1,12,500/- | 92,500/- | 20,000/- | ഭിത്തി നിർമ്മാണം |
| 33 | ശ്രീമതി.ശ്രീമതി,<br>ഐല | 1,62,500/- | 22,500/- | 1,40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 34 | ശ്രീമതി.അവ്വമ്മ, പഞ്ചം,<br>മംഗൽപ്പാടി | 1,12,500/- | 92,500/- | 20,000/- | ഭിത്തി നിർമ്മാണം |
| 35 | ശ്രീമതി.ലളിത,<br>ബെഗ്രു, ഐല | 1,12,500/- | 52500/- | 60,000/- | തറ നിർമ്മാണം |
| 36 | ശ്രീമതി.പാത്തുമ്മ,<br>മുട്ടം ഗേറ്റ് | 1,62,500/- | 1,02,500/- | 60,000/- | തറ നിർമ്മാണം |
| 37 | ശ്രീമതി.ഫാതിമ, പെരിംഗാടി | 1,12,500/- | 92,500/- | 20,000/- | ഭിത്തി നിർമ്മാണം |
| 38 | ശ്രീമതി.സരോജിനി, മുട്ടം ഗേറ്റ് | 1,12,500/- | 52,500/- | 60,000/- | തറ നിർമ്മാണം |
| 39 | ശ്രീമതി.താഹിറ, ചക്രിയട്ടക്ക | 1,12,500/- | 92,500/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 40 | ശ്രീ.നാരായണ,<br>ഐല | 1,62,500/- | 1,02,500/- | 60,000/- | തറ നിർമ്മാണം |
| 41 | ശ്രീമതി.സർവാണി,<br>ബൻദരെ,മംഗൽപ്പാടി | 1,62,500/- | 22,500/- | 1,40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 42 | ശ്രീമതി.ഗിരിജ,<br>മുട്ടം | 1,62,500/- | 1,02,500/- | 60,000/- | തറ നിർമ്മാണം |
| 43 | ശ്രീമതി.യശോദ,<br>മുട്ടം | 1,12,500/- | 52500/- | 60,000/- | തറ നിർമ്മാണം |

| | | | | | |
|---|---|---|---|---|---|
| 44 | ശ്രീമതി.കവിത, പാറക്കട്ട | 1,12,500/- | 92,500/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 45 | ശ്രീ.രവിരാജ്, മല്ലംഗൈ | 1,12,500/- | 92,500/- | 20,000/- | ഭിത്തി നിർമ്മാണം |
| 46 | ശ്രീ.സോമശേഖര പറങ്കില | 1,12,500/- | 92,500/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 47 | ശ്രീമതി.യശോദ, മല്ലംഗൈ | 1,12,500/- | 92,500/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 48 | ശ്രീ.സത്യ, പാറകട്ട | 1,12,500/- | 92,500/- | 20,000/- | ഭിത്തി നിർമ്മാണം |
| 49 | ശ്രീമതി.ദാക്ഷായിണി, രാഗിഹിത്തളു | 1,62,500/- | 1,02,500/- | 60,000/- | തറ നിർമ്മാണം |
| 50 | ശ്രീമതി.ഗായത്രി, ഐല, പാറകട്ട | 1,62,500/- | 1,02,500/- | 60,000/- | തറ നിർമ്മാണം |
| 51 | ശ്രീമതി.സരസ്വതി, ഐല ഗേറ്റ് | 1,62,500/- | 22,500/- | 1,40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 52 | ശ്രീമതി.ഭാഗീരഥി, ചെറുഗോളി | 1,12,500/- | 92,500/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 53 | ശ്രീ.ഇബ്രഹിംകുഞ്ഞി,കുബണൂർ | 87,500/- | 67,500/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 54 | ശ്രീമതി.അലീമാബി, മണിമുണ്ട | 1,62,500/- | 1,42,500/- | 20,000/- | ഭിത്തി നിർമ്മാണം |
| 55 | ശ്രീ.മുഹമ്മദാലി, ദേർജാൽ | 1,62,500/- | 1,02,500/- | 60,000/- | തറ നിർമ്മാണം |
| 56 | ശ്രീമതി.ശാരദ, മനകിനമൂള | 1,12,500/- | 52,500/- | 60,000/- | തറ നിർമ്മാണം |
| 57 | ശ്രീ.അബ്ദുൽനാസിർ, മുട്ടം | 75,000/- | 22,500/- | 52,500/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല (ഗുണഭോക്താവ് സർക്കാർ ഉദ്യോഗസ്ഥനാണ്) |
| 58 | ശ്രീമതി.മറിയാമ്മ, ദേർജാൽ | 1,62,000/- | 22,500/- | 1,40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 59 | ശ്രീമതി.കുർഷിയ, പച്ചമ്പള | 1,62,500/- | 1,02,500/- | 60,000/- | തറ നിർമ്മാണം |
| 60 | ശ്രീ.ശങ്കര, പെയ്യ, ഹേരൂർ | 1,12,500/- | 52,500/- | 60,000/- | തറ നിർമ്മാണം |
| 61 | ശ്രീമതി.സൈനബ, ഇച്ചിലങ്കോട് | 1,62500/- | 22,500/- | 1,40,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 62 | ശ്രീമതി.ഫാതിമത്സുഹറ, പച്ചമ്പള | 1,62,500/- | 1,02,500/- | 60,000/- | തറ നിർമ്മാണം |

| | | | | | |
|---|---|---|---|---|---|
| 63 | ശ്രീമതി.ജയരാണി, ഇച്ചിലങ്കോട് | 1,12,000/- | 92,500/- | 20,000/- | ഭിത്തി നിർമ്മാണം |

പട്ടിക ജാതി വനിത- 2011/12

| | | | | | |
|---|---|---|---|---|---|
| 64 | ശ്രീമതി.കല്യാണി, ബന്ദിയോട്കോളനി | 2,00,000/- | 1,60,000/- | 40,000/- | ഭിത്തി നിർമ്മാണം |
| 65 | ശ്രീമതി.ചുക്രു, കോളനി | 2,00,000/- | 1,70,000/- | 30,000/- | മേൽക്കൂര നിർമ്മാണം |

പട്ടിക ജാതി വീട് നിർമാണം 2012/13

| | | | | | |
|---|---|---|---|---|---|
| 66 | ശ്രീമതി.സരോജിനി ലക്ഷ്മണ | 2,00,000/- | 1,80,000/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 67 | ശ്രീമതി.ഹേമലത, പുലികുത്തി | 200,000/- | 80,000/- | 1,20,000/- | തറ നിർമ്മാണം |
| 68 | ശ്രീമതി.ഹേമവതി, കൃഷ്ണനഗർ | 2,00,000/- | 80,000/- | 1,20,000/- | മേൽക്കൂര നിർമ്മാണം |

വനിത വീട് നിർമാണം- 2014/15

| | | | | | |
|---|---|---|---|---|---|
| 69 | ശ്രീമതി.മൈമുന,മുട്ടം | 2,00,000/- | 1,80,000/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 70 | ശ്രീമതി.സമീറ, ഇച്ചിലങ്കോട് | 2,00,000/- | 1,80,000/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 71 | ശ്രീമതി.ഉഷാ, കണ്ണാടിപ്പാറ | 2,00,000/- | 1,80,000/- | 20,000/- | മേൽക്കൂര നിർമ്മാണം |

സമ്പൂർണ ഭവന പദ്ധതി- 2015-16

| | | | | | |
|---|---|---|---|---|---|
| 72 | ശ്രീമതി.സഫിയ, ഹേരൂർ | 2,00,000/- | 1,80,000/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 73 | ശ്രീമതി.മൈമൂന, അഗർതിമൂല | 2,00,000/- | 1,40,000/- | 60,000/- | ഭിത്തി നിർമ്മാണം |
| 74 | ശ്രീമതി.ദൈനബ, അഗർതിമൂല | 2,00,000/- | 80,000/- | 1,20,000/- | തറ നിർമ്മാണം |
| 75 | ശ്രീമതി.ആയിഷ, കലിൽ | 2,00,000/- | 1,80,000/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 76 | ശ്രീമതി.പ്രീതി, ഓലയം | 2,00,000/- | 20,000/- | 1,80,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 77 | ശ്രീമതി.യശോദ, പഞ്ജ | 2,00,000/- | 1,80,000/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 78 | ശ്രീമതി.ലീല, കണ്ണാടിപ്പാറ | 2,00,000/- | 1,80,000/- | 20,000/- | മേൽക്കൂര നിർമ്മാണം |

| | | | | | |
|---|---|---|---|---|---|
| 79 | ശ്രീമതി.സവിത, ആഡ്ക | 2,00,000/- | 1,80,000/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 80 | ശ്രീമതി.കമ്പച്ചി, ഇച്ചിലങ്കോട് | 2,00,000/- | 20,000/- | 1,80,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 81 | ശ്രീമതി.റാബിയ, ഷിറിയ | 2,00,000/- | 1,40,000/- | 60,000/- | ഭിത്തി നിർമ്മാണം |
| 82 | ശ്രീമതി.സരോജിനി, പച്ചമ്പള | 2,00,000/- | 1,80,000/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 83 | ശ്രീമതി.ഭാഗീരഥി, ഇച്ചിലങ്കോട് | 2,00,000/- | 1,40,000/- | 60,000/- | ഭിത്തി നിർമ്മാണം |
| 84 | ശ്രീമതി.ശംശത്, ബപ്പയിത്തൊട്ടി | 2,00,000/- | 1,40,000/- | 60,000/- | ഭിത്തി നിർമ്മാണം |
| 85 | ശ്രീമതി.അഞ്ജലി, ഐല | 2,00,000/- | 20,000/- | 1,80,000/- | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 86 | ശ്രീമതി.റംല, കുണ്ടപ്പുണി | 2,00,000/- | 1,40,000/- | 60,000/- | ഭിത്തി നിർമ്മാണം |
| 87 | ശ്രീമതി.സുബൈദ, മജാൽ | 2,00,000/- | 1,80,000/- | 20,000/- | മേൽക്കൂര നിർമ്മാണം |
| 88 | ശ്രീമതി.രേണുക, ബിടി റോഡ്, ഉപ്പള | 2,00,000/- | 1,40,000/- | 60,000/- | ഭിത്തി നിർമ്മാണം |

2010-11വർഷം മുതൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിൽ മേൽ പട്ടികകളിൽ വിവരിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ഭവനനിർമാണം സംബന്ധിച്ച് അന്വേഷണം നടത്തി ഭവനങ്ങളുടെ നിർമാണം പൂർത്തീകരിക്കാനുള്ള സാധ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-7 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 42,10,600/- രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റു സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ കൈമാറിയ തുകകളുടെ വിനിയോഗം കാണിക്കുന്ന ധന വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം / തിയതി | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 2 | സെക്രട്ടറി | പ്രൊ.നം.77/17 എസ്.എസ്.എസ്.വിഹിതം | 12/19.01.2017 | 38,36,000/- | പ്രൊജക്ട്ഓഫീസർ, എസ്.എസ്.എസ്. കാസരഗോഡ്. |
| 3 | സെക്രട്ടറി | പ്രൊ.നം.82/17 | 13/03.03.2017 | 3,74,600/- | ജില്ലാ പഞ്ചായത്, |

| | | | | | |
|---|---|---|---|---|---|
| | | എൻ.പി.ആർ.പി.ഡി. വിഹിതം | | | കാസറഗോഡ് |
| | | | ആകെ | 42,10,600/- | |

## 3-8 മരുന്നുകൾ ആരോഗ്യ കേന്ദ്രത്തിന് വാങ്ങിയിട്ടില്ല - 1,56,600/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച.സി മംഗൽപാടി |
| പ്രോജക്ട് നമ്പർ | SO.167/17 |
| പ്രോജക്ടിന്റെ പേര് - | പെയിൻ & പാലിയേറ്റീവ് കെയർ പ്രേജക്ട് |
| ചെക്ക് നമ്പർ/ തുക | 30,000/-(പൊതു വിഭാഗം സാധാരണം ) TSB A/C No.450499/29.03.2017<br>1,26,600/-TSBA/C No.450499/29.03.2017 |

മേൽ പ്രോജക്ട് പ്രകാരം സി.എച്ച്.സി. മംഗൽപാടിയിലേക്ക് മരുന്ന് /മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി 29.03.2017 ലെ TSB A/C. No.450499 പ്രകാരം 1,56,600/-/-രൂപ പിൻവലിച്ച് എസ്.ബി.ടി. യുടെ 67039946740 അകൌണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരം എന്ന സ്ഥാപനത്തിൽനിന്നു Invoice No. PRF 3751 & PRF 4374 പ്രകാരം മരുന്നു വാങ്ങേണ്ടതായിരുന്നു. എന്നാൽ നാളിതുവരെയായും കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻലെക്ക് മരുന്നുകൾ വാങ്ങുന്നതിനുള്ള തുക ഒടുക്കിയിട്ടില്ല. ഇതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. മരുന്നു ലഭ്യമാകാതിരിക്കുന്നതിനാൾ 1,56,600/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ആയുർവേദ, ഹോമിയോ മരുന്നുകൾ വാങ്ങൽ- മരുന്നുകൾ ലഭിക്കാൻ ബാക്കി

2016-17 വർഷത്തിൽ വിവിധ പ്രോജക്ടുകളിലായി ആയുർവേദ, ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനായി നിർവഹണ ഉദ്യോഗസ്ഥന്മാർ മുൻകൂർ ചെലവുകൾ നടത്തിയിട്ടുണ്ട്. എന്നാൽ ആയുർവേദ മരുന്നുകൾ ഓഡിറ്റ് തിയതിയിലും ലഭിക്കാൻ ബാക്കിയുള്ളതായും ഹോമിയോ മരുന്നുകൾ നാളിതു വരെ ലഭിക്കാത്തതായും ശ്രദ്ധയിൽപ്പെട്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്, നിർവഹണ ഉദ്യോഗസ്ഥൻ | മരുന്നു വാങ്ങുന്നതിനായി മുൻകൂർ നടത്തിയ ചെലവ് | നാളിതു വരെ ലഭിച്ച മരുന്നിന്റെ വില | മുൻകൂർ നൽകിയ തുകയിൽ ബാക്കി |
|---|---|---|---|
| പ്രോജക്ട് നം.93/17- ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ<br>നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ | 2,00,000<br>ബിൽ നം. 1/16-17 തിയതി 28.01.2017 | 1,73,876 | 26,124 |

| | | | |
|---|---|---|---|
| ഓഫീസ്ര, ആയുർവേദം | (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്)<br>തുകനല്കിയ സ്ഥാപനം- ഔഷധി, തൃശ്ശൂർ | | |
| പ്രോജക്ട്നം.95/17,എൻ.ആർഎച്ച്.എം ആശുപത്രിക്ക് മരുന്ന് വാങ്ങൽ<br>നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസ്ര, ഹോമിയോ | 1,00,000<br>ബിൽ നം. 2/16-17 തിയതി 27.01.2017<br>(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്)<br>തുകനല്കിയസ്ഥാപനം- ഹോംകോ, ആലപ്പുഴ | - | 1,00,000 |
| പ്രോജക്ട് നം. 94/17- ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ<br>നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസ്ര, ഹോമിയോ | 2,00,000<br>ബിൽ നം. 1/16-17 തിയതി 27.01.2017<br>(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്)<br>തുക നല്കിയ സ്ഥാപനം- ഹോംകോ, ആലപ്പുഴ | - | 2,00,000 |
| ആകെ | 5,00,000 | 1,73,876 | 3,26,124 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം. 13160/ഡി.എ.1/2010 തിയതി 28.11.2010 പ്രകാരം മുൻകൂർ തുക കൈപ്പറ്റി 60 ദിവസങ്ങൾക്കകം സ്ഥാപനത്തിന് മരുന്നുകൾ വിതരണം ചെയ്യാൻ ഔഷധിക്ക് ബാദ്ധ്യതയുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ പൂർണമായും വിതരണം ചെയ്യാൻ ഔഷധിക്ക് കഴിഞ്ഞിട്ടില്ല.

ഹോംകോ എന്ന സ്ഥാപനത്തിന് മുൻകൂർ നൽകി മാസങ്ങൾ കഴിഞ്ഞിട്ടും ഭാഗികമായി പോലും മരുന്നുകൾ വിതരണം ചെയ്തിട്ടില്ല. ഈ വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ചെലവു ചെയ്ത് മാസങ്ങൾ കഴിഞ്ഞിട്ടും അതിന്റെ ഗുണഫലം പഞ്ചായത്തിലെ ജനങ്ങൾക്ക് പൂർണമായി ലഭിക്കാത്തിനാൽ മേൽ പ്രോജക്ടുകൾക്കായി ചെലവു ചെയ്ത ആകെ തുക 5,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 കാർഷിക മേഖല ഉല്പാദന വർദ്ധനവ് ലക്ഷ്യം വച്ചുള്ള പദ്ധതികൾ മോണിറ്ററിംഗ് കാര്യക്ഷമമല്ല.

2016-17 വർഷത്തിൽ കാർഷികമേഖലയിൽ ഉല്പാദന വർദ്ധനവ് ലക്ഷ്യമാക്കി കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് കാര്യക്ഷമമായി നടത്തിയിട്ടില്ല.

തെങ്ങ് കൃഷി, കവുങ്ങ് കൃഷി, നെൽകൃഷി, തുടങ്ങിയ മേഖലകളിൽ സമഗ്ര ഉല്പാദന വർദ്ധനവ് 2016-17 വർഷം ഗ്രാമപഞ്ചായത്ത് ലക്ഷ്യമാക്കിയിരുന്നു. എന്നാൽ പല പദ്ധതികളും വർഷാവസാനം ആരംഭിച്ചതിനാൽ ലക്ഷ്യം എത്രമാത്രം കൈവരിച്ചു എന്ന് വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1)തെങ്ങ് കൃഷി വികസന പദ്ധതി.

ബിൽ നം.02/16-17/തി.16.02.2017 – 2,84,883/-

ബിൽ നം.06/16-17/തി.30.03.2017 – 53,043/-

പ്രൊജക്റ്റ് നം.183/17 തെങ്ങ് കൃഷിവികസന പദ്ധതി പ്രകാരം 130.8 എക്കർ സ്ഥലത്ത് 6,530 തെങ്ങുകൾക്ക് ജൈവവളം നൽകി നാളികേര ഉല്പാദനം വർദ്ധിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആകെ 144 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം ജൈവവളം നൽകിയത്. 18,774/-കി.ഗ്രാം. ജൈവവളം ഈ പദ്ധതിക്കായി വിതരണം ചെയ്തിട്ടുണ്ട്.

ബിൽ നം.02/16-17/തി.16.02.2017 പ്രകാരം പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച 116 ഗുണഭോക്താക്കൾക്ക ആകെ 2,84,883/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്.

ബിൽ നം.06/16-17/തി.30.03.2017 – പ്രാകാരം 28 ഗുണഭോക്താക്കൾക്ക ആകെ 53,043/-/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. ടി ഗുണഭോക്താകളെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച പട്ടിക പരിശോധനയ്ക്ക് ലഭ്യമാകിയിട്ടില്ല. ഇതു കൂടി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 09/18.08.2017)

2) കവുങ്ങ് കൃഷി കുമിൾനാശിനി പദ്ധതി.

ബിൽ നം.01/2016-17/16.02.17 – 73,360/-

പ്രൊജക്റ്റ് നം.01/17- കവുങ്ങ് കൃഷി വികസന കുമിൾനാശിനിപദ്ധതി പ്രകാരം ആകെ 87.05 ഹെക്ടർ സ്ഥലത്ത് 43,750 കവുങ്ങുകൾക്ക് തുരിശ് കുമിൾനാശിനി നൽകി ഉല്പാദനവർദ്ധനമാണ് ലക്ഷ്യമാക്കിയിട്ടുള്ളത്. 92 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം തുരിശും വിതരണം ചെയ്തിട്ടുണ്ട്.

3) നെൽകൃഷി വികസന പദ്ധതി.

ബിൽ നം.05/2016-17/ – 2,20,140/-

പ്രൊജക്റ്റ് നം.184/17 നെൽകൃഷിവികസന പദ്ധതി പ്രകാരം 187.05 എക്കർ സ്ഥലത്ത് നെൽകൃഷി ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആകെ 157 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതി പ്രകാരം കൂലിച്ചെലവായി 2,20,140/-രൂപ നൽകിയത്. പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ഗുണഭോക്താ പട്ടിക പ്രകാരം 153 ഗുണഭോക്താകലുള്ളത്. അധികം നൽകിയ 4ഗുണഭോക്താകളെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച പട്ടിക പരിശോധനയ്ക്ക് ലഭ്യമാകിയിട്ടില്ല. ഇതു കൂടി ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4) നെൽ വിത്ത് വിതരണം പദ്ധതി

ബിൽ നം.05/2016-17/06.02.17 – 24,300/-

പ്രൊജക്റ്റ് നം.188/17 നെൽകൃഷിവികസനത്തിനായി നെൽ വിത്ത് വിതരണം പദ്ധതി പ്രകാരം 17 ഗുണഭോക്താക്കൾക്ക് 810കി.ഗ്രാം. നെൽ വിത്ത് വിതരണം ചെയ്തിട്ടുണ്ട്. ഒരു കിലോ വിത്തിന് 24 രൂപ പ്രകാരം അാകെ 24,300/-രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽവിവരിച്ച 4പദ്ധതികൾക്കായി ആകെ 6,55,726/- രൂപ വിവിധ പദ്ധതികൾക്കായി സബ്സിഡി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇത്രയും തുക ചെലവഴിച്ചുവെങ്കിലും പദ്ധതികളുടെയൊന്നും മോണിറ്ററിംഗ് കൃത്യമായി നടത്തിയിട്ടില്ല. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ കൃത്യമായ മോണിറ്ററിംഗ് നടത്തണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

5) കളഞ്ചാടി പാടശേഖര സമിതിക്ക് കാർഷിക ഉപകരണങ്ങൾ

ബിൽ നം.03/17/ 20.03.2017- 90,000/-

പദ്ധതി നം. 199/17പ്രകാരം കളഞ്ചാടി പാടശേഖര സമിതിയുടെ കൺവീനരായ ശ്രീ നാരായണ മയ്യ എന്നവരുടെ പേരിൽ 45 HP ട്രാക്ടർ (chasis No. IPY 5045 DHHAO 039038,Engine No. PY 3029 D. 418070-JOHN DEERE 50450) 03.03.2017 ലെ 0256 നമ്പർ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. ഈ ട്രാക്ടർ 03.03.2017 മുതൽ 29.04.2017 വരെ Temporory registration (Temp Reg No. KL -55 -K-TEMP 4059-Under the provision of Section 43 of the Motor Vehicles Act 1988) മാത്രമാണ് ചെയ്തിട്ടുള്ളത്. Motor Vehicles Act/Rules പ്രകാരം ട്രാക്ടർ Registration ചെയ്ത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.എന്നാൽ 16.08.2016 ഓഡിറ്റിന്റെ ഭാഗമായി ഭൗതിക പരിശോധന നടത്തിയപ്പോൾ ട്രാക്ടർ വെയിലും മഴയും കൊള്ളുന്ന പ്രദേശത്ത് ഷെഡ് ഒന്നും ഇല്ലാതെ നിർത്തിയിട്ടുണ്ട്. യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിനു മാത്രമെ ഉപയോഗിക്കു എന്നും ഒരു കരാർ ഉടമ്പടി കരാർ വ്യവസ്ഥ എർപ്പെട്ടിട്ടുണ്ടങ്കിലും ട്രാക്ടർ തുറസ്സായ സ്ഥലത്ത് നിർത്തിയിട്ടിരിക്കുന്നതായാണ് കാണുന്നത്. ട്രാക്ടർ സംരക്ഷിക്കാനുള്ള നടപടികൾ പാടശേഖര സമിതി സ്വീകരിക്കേണ്ടതാണ്.

ഇത്രയും തുക ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-11 ലോമാസ്റ്റ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതിന് തുക അധികം നൽകിയത് നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രോജക്ട് നം-260/2017

ബിൽ നമ്പർ 27തി.31.3.2017തുക 34,00,320/- രൂപ

സെക്രട്ടറിയുടെ ബിൽ നം.27/2016-17 തീയതി 31-03-2017 പ്രകാരം ട്രഷറിയിൽ നിന്നും ₹ 34,00,320/- പിൻവലിച്ച് മംഗൽപ്പാടി ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ 23 ലോമാസ്റ്റ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനായി (പ്രോജക്ട് നം.260/17) സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ്, തൃശ്ശൂർ- എന്ന സ്ഥാപനത്തിന് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡിന്റെ ഇൻവോയ്സ് നം.CD/085Aതീയതി 29.03.17പ്രകാരം ലോമാസ്റ്റ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള കെ.എസ്.ഇ.ബി. ചാർജ്ജായി ₹ 92,000/- കൂടി സ്ഥാപനം പഞ്ചായത്തിന്റെ പക്കൽ നിന്ന് ഈടാക്കിയിട്ടുള്ളതായി കാണുന്നു. ഇതിന്റെ നിജസ്ഥിതി പരിശോധിക്കാനായി കെ.എസ്.ഇ.ബി. ഉപ്പള സെക്ഷൻ അസി.എഞ്ചിനീയറെ 16.08.17ന് ഓഡിറ്റ് ടീം നേരിൽ കണ്ട് അന്വേഷിച്ചപ്പോൾ 23 ലോമാസ്റ്റ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ചാർജ്ജായി ₹ 63,250/- മാത്രമെ 27-04-2017ൽ കെ.എസ്.ഇ.ബി. ഉപ്പള സെക്ഷനിൽ (2750x23=63,250) കൺസ്യൂമർ നം-32103 to 32106, 32108 to 32126 പ്രകാരം അടച്ചിട്ടുള്ളു എന്ന് അറിയിക്കുകയും ഇക്കാര്യം രേഖാമൂലം എഴുതിത്തരുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി യിൽ ഒടുക്കിയ തുകയുടെ രേഖകൾ കൈപ്പറ്റി യഥാർത്ഥത്തിൽ ഒടുക്കിയ തുകയിൽ പരിമിതപ്പെടുത്തി മാത്രമേ സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡിന് തുക നൽകാമായിരുന്നുള്ളൂ. ഇപ്രകാരം ചെയ്യാത്തതിനാൽ 28,750/-രൂപ അധികം ചെലവഴിച്ചത് (92,000-63,250=28,750)ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 ഗവ-ഹിന്ദുസ്ഥാനി യു.പി.സ്കൂൾ കുറിച്ചിപ്പള്ള ഉപ്പള -സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചതിൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട് നം.83/2017

വൗച്ചർ നം 21601111, തിയതി 30.03.2017, തുക 5,75,000/- രൂപ

ഗവ-ഹിന്ദുസ്ഥാനി യു.പി.സ്കൂൾ കുറിച്ചിപ്പള്ള ഉപ്പള -സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്നതിന് വേണ്ടി കെൽട്രോൺ കോഴിക്കോടിൽ നിന്നും ₹ 5,75,000 രൂപയുടെ ഇലക്ക്ട്രോണിക്ക് സാധനങ്ങൾ ബിൽ നം-KSEDC/C2T /OA/2016-17/1747,തീയതി 24-03-2017 പ്രകാരം വാങ്ങുകയുണ്ടായി. ഓഡിറ്റ് ടീം 14-08-2017ന് സ്കൂൾ സന്ദർശിച്ചപ്പോൾ വാങ്ങിയ സാധനങ്ങൾ റൂമിൽ പൂട്ടിയിരിക്കുന്നതായാണ് കണ്ടത്. നാളിതുവരെയായിട്ടും സ്മാർട്ട് ക്ലാസ് റൂമിന്റെ പണി ആരംഭിച്ചിട്ടില്ല. സാധനങ്ങളുടെ വാറണ്ടി കാലാവധി ഒരു വർഷമായതുകൊണ്ട് ഏകദേശം പകുതി കാലാവധി കഴിഞ്ഞിരിക്കുകയാണ്. സ്മാർട്ട് ക്ലാസ് റൂമിന്റെ പണി ഉടനടി ആരംഭിക്കേണ്ടതാണ്. ഈ കാരണങ്ങളാൽ 5,75,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം. 06 തീയതി -16-08-2017)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മഞ്ചേശ്വരം | 20,000 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി | 20,000 | ഇല്ല |
| കുടുംബശ്രീ, ജില്ലാ മിഷൻ, കാസറഗോഡ് | 5,00,000 | ആശ്രയ പദ്ധതി | ഇല്ല | 5,00,000 |
| സമ്പൂർണ ശുചിത്വ യജ്ഞം | 2,74,904 | വെളിയിട വിസർജന വിമുക്ത പദ്ധതി | ഇല്ല | 2,74,904 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 1997-1998 (plan) | 2-12 | 2006-07 | 3.100.1(2) | വൈദ്യുതിബോർഡ് ഡിപ്പോസിറ്റ് വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തത്. | തുടരുന്നു |
| 2001-02 (plan) | 2-12 | 2006-07 | 3.100.2(3) | മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാത്തത്. | തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,14,12,342 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,84,76,923 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,22,853 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 88,744 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,31,600 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 30,118 | | ശ്രീ.ടി.പവിത്രൻ, സെക്രട്ടറി |
| 2-2 | 86,809 | | ശ്രീ.ടി.പവിത്രൻ, സെക്രട്ടറി |
| 2-5 | 5,926 | | ശ്രീ.ടി.പവിത്രൻ, സെക്രട്ടറി |
| 3-3 | | 37,178 | ശ്രീ.തിമ്മ കുടിയ, അസിസ്റ്റന്റ് എഞ്ചിനീയർ- 18,589 രൂപ, ശ്രീ.വൽസൻ പടിഞ്ഞാറേപുരയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ- 18,589 രൂപ |
| 3-4 | | 22,816 | ശ്രീ.ജോബി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 28,750 | ശ്രീ.ടി.പവിത്രൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | | |
|---|---|---|
| 3-8 | 1,56,600 | ഡോ. സൗമ്യ ഗോപിനാഥൻനായർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മംഗൽപ്പാടി |
| 3-9 | 2,00,000 | ഡോ.ആരതി.എസ്.എസ്, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-9 | 3,00,000 | ഡോ.ആശ മേരി.സി.എസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-12 | 5,75,000 | ശ്രീ.ടി.പവിത്രൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ടി.പവിത്രൻ, സെക്രട്ടറി | വിരമിച്ചു | നന്ദനം, മയിലാട്ടുംതടം, അഴീക്കോട് (പി.ഒ), കണ്ണൂർ ജില്ല |
| ശ്രീ.ജോബി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൻമകജെ ഗ്രാമപഞ്ചായത്ത് | ശ്രീ.ജോബി.കെ, ഇണ്ടിൽ പുത്തൻ വീട്, അമ്പിപൊയ്ക,കുണ്ടറ,കൊല്ലം. |
| ശ്രീ.തിമ്മ കുടിയ.ഒ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൻമകജെ ഗ്രാമപഞ്ചായത്ത് | ശ്രീ.തിമ്മ കുടിയ.ഒ അസിസ്റ്റന്റ് എഞ്ചിനീയർ, ഒട്ടെപ്പടപ്പ് ഹൗസ്, ബേരിപ്പദവ്, ഉപ്പള (പി.ഒ), കാസറഗോഡ് |
| ശ്രീ.വൽസൻ പടിഞ്ഞാറേപുരയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.വൽസൻ പടിഞ്ഞാറേപുരയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് | ശ്രീ.വൽസൻ പടിഞ്ഞാറേപുരയിൽ, നിയർ മഹാവിഷ്ണു ടെമ്പിൾ പള്ളിക്കുന്ന്, കണ്ണൂർ ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളു ടെ എണ്ണം |
|---|---|---|
| 1984-85 | എൽ.എഫ്.സി12/1422/90 തീ.10.09.1990 | 13 |
| 1985-86 | എൽ.എഫ്.സി7/1125/90 തീ.10.01.1990 | 14 |
| 1986-87 | എൽ.എഫ്.സി12/447/92 തീ.03.04.1992 | 19 |
| 1987-88<br>1988-89 | എൽ.എഫ്.സി7/1703/92 തീ.22.04.1993 | 11 |
| 1989-90<br>1990-91 | എൽ.എഫ്.കെ.എസ്.ഡി.1/309/94 | 4 |
| 1989-90 to<br>1993-94 | ജെ.ആർ.വൈ.A/C<br>എൽ.എഫ്.കെ.എസ്.ഡി.1/311/94 തീ.16.11.94 | 9 |
| 1991-92 to<br>1993-94 | എൽ.എഫ്.കെ.എസ്.ഡി.5/308/00<br>തീ.13.02.01/22.06.01 | 10 |
| 1994-95<br>1995-96 | എൽ.എഫ്.കെ.എസ്.ഡി.5/348/03<br>തീ.16.09.03 | 2 |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി.5/517/98<br>തീ.06.02.99 | 10 |
| 1997-98(F) | എൽ.എഫ്.കെ.എസ്.ഡി.4/538/06<br>തീ.08.03.07 | 7 |
| 1998-1999(F) | എൽ.എഫ്.കെ.എസ്.ഡി.4/566/07<br>തീ.04.06.07/26.05.08 | 18 |
| 1999-2000(P) | എൽ.എഫ്.കെ.എസ്.ഡി.6/762/03 | 4 |
| 1999-2000(F) | എൽ.എഫ്.കെ.എസ്.ഡി.4/559/06<br>തീ.04.06.07 | 27 |

| | | |
|---|---|---|
| 2000-01(P) | എൽ.എഫ്.കെ.എസ്.ഡി.6/763/03 തീ.03.06.06 | 5 |
| 2001-02(P) | എൽ.എഫ്.കെ.എസ്.ഡി.6/764/03 തീ.04.06.06 | 3 |
| 2001-2002 | എൽ.എഫ്.കെ.എസ്.ഡി.4/658/12 തീ.03.11.12 | 13 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി.4/435/12 തീ.10.09.12 | 4 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി.4/659/12 തീ.02.11.12 | 9 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി.4/660/12 തീ.02.11.12 | 7 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി.4/661/12 തീ.15.11.12 | 3 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി.4/662/12 തീ.15.11.12 | 13 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.4/293/13 തീ.26.03.13 | 17 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.4/684/12 തീ.24.07.13 | 12 |
| 2008-09<br>2009-10 | എൽ.എഫ്.കെ.എസ്.ഡി.4/793/12 തീ.21.02.13/02.04.13 | 23 |
| 2010-11 | കെ.എസ്.എ.കെ.എസ്.ഡി.9/604/15 തീ.01.09.2015 | 18 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി.9/786/14 തീ.06.03.15 | 9 |
| 2012-13<br>2013-14 | എൽ.എഫ്.കെ.എസ്.ഡി.9/823/14 തീ.18.09.14 | 10 |
| 2014-15 | കെ.എസ്.എ.കെ.എസ്.ഡി.5/198/16 തീ.19.03.16 | 27 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി.5/2017 | 19 |

| | | | |
|---|---|---|---|
| | തീ.25.01.2017 | | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

സീയാർ/-

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.എസ്.ഡി-5/1001/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.
e-Mail : doksd.ksad@kerala.gov.in
Phone : 04994256690

തിയതി.18.09.2017.

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-3 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

AUDIT CERTIFICATE

No. KSA-KSD-5/1001/2017

Kerala State Audit Department,

District Audit Office, Kasaragod – 671 123.
e-Mail : doksd.ksad@kerala.gov.in

Phone: 04994-256690

Dated:18.09.2017

Certified that, I have audited the Annual Financial Statement of Mangalpady Grama Panchayat in Kasaragod District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mangalpady Grama Panchayat for the year 2016-17, except the observations pointed out in Para 1-3 of the audit report, properly presents the picture of income and expenditure.

Deputy Director,
Kerala State Audit Department,

District Audit Office, Kasaragod.